
LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 ഓഗസ്റ്റ് വാല്യം 10 ലക്കം 7




## അടിസ്ഥാന ദൈവശാസ്ത്രം ഭാഗം-1. തുടർച്ച...

## FUNDAMENTAL KNOWLEDGE OF THEOLOGY Part-1.cont...

സ്വാതന്ത്ര്യദിനാശംസകൾ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

# Fundamental Knowledge of THEOLOGY

Part-1cont...

Apostle Devasia Mullakkara

## കൊയ്ത്ത്

പ്രാർത്ഥനാശുശ്രൂഷയിലേക്ക് ദൈവം നമ്മെ വിളിച്ചൊരുക്കിയിട്ടുണ്ടെന്ന് നമുക്ക് തോന്നിത്തുടങ്ങിയിട്ടുണ്ടോ? എങ്കിൽ ആഴ്ചകളായി ഭക്ഷണം കിട്ടാതെ വിഷമിക്കുന്നവർക്ക് കുറച്ച് ആഹാരം കൊണ്ടുപോയ് കൊടുക്കുന്നതിനേക്കാൾ വലിയ കാര്യമാണത്. ശരീരത്തിന് ആവശ്യമായ ഭക്ഷണവും വെള്ളവും കൊടുക്കൽ എന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ് "ജീവന്റെ അപ്പമായ വചനവും ആത്മാവും" മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ നൽകുവാൻ കഴിയുക. നമ്മുടെ മദ്ധ്യസ്ഥപ്രാർത്ഥന ഉയരുന്നതിന് അനുസരിച്ച്, ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാകും. മിഷൻ ഫീൽഡുകളിൽ, അത് ആഫ്രിക്കയിലോ ഇന്ത്യയിലോ ശ്രീലങ്കയിലോ എവിടെയുമാകട്ടെ ശുശ്രൂഷക്കാരെ ദൈവതിരുമുമ്പിൽ സമർപ്പിച്ചുകൊണ്ട് നാം എത്രയധികം പ്രാർത്ഥിക്കുന്നുവോ അത്രയധികം ആ മിഷണറിമാരിലൂടെ ഈ "ലോകരാജ്യ-സാത്താന്യ" ബന്ധനങ്ങൾ ഇടിഞ്ഞു പൊളിഞ്ഞു വീഴുക തന്നെ ചെയ്യും. ആ മിഷണറിമാർ കയറിച്ചെല്ലുന്ന ഭവനങ്ങളിലും, ഗ്രാമങ്ങളിലും, പട്ടണങ്ങളിലും, ഓഫീസുകളിലും, സ്ഥാപനങ്ങളിലും നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ അകമ്പടി കൂടി ഉണ്ടെങ്കിൽ അവിടെ ആയിരിക്കുന്ന മനുഷ്യർ കൂടുതൽ കൂടുതൽ അനുഗ്രഹിക്കപ്പെടും. "സൗദി അറേബ്യ" ഉൾപ്പെടെയുള്ള സുവിശേഷവിരോധികളുടെ ഭരണം നടക്കുന്ന രാജ്യങ്ങളിലെല്ലാം യഥാർത്ഥ മദ്ധ്യസ്ഥപ്രാർത്ഥനയുടെ 'ആത്മാവ്' കൊടുങ്കാറ്റായി ആഞ്ഞടിക്കുന്നതുകൊണ്ട് ലക്ഷക്കണക്കിന് മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാർ "യേശുവിന്റെ രക്ഷയുടെ അനുഭവം" സ്വന്തമാക്കുന്നുണ്ട്താനും; ആ രാജ്യങ്ങളുടെ സുവിശേഷവിരോധം കുറയുന്നുമുണ്ട്.

ആദിമ ക്രൈസ്തവസഭയിലെ പ്രാർത്ഥനാ വീരനായിരുന്നു യാക്കോബ്. നീറോയുൾപ്പെടെയുള്ള സുവിശേഷവിരോധികളുടെ നീചമായ പ്രവർത്തനങ്ങൾക്കെതിരെ മുട്ടിന്മേൽ നിന്നുകൊണ്ട് യാക്കോബ് പ്രാർത്ഥിച്ചിരുന്നു എന്നതിന്റെ തെളിവായിരുന്നു അദ്ദേഹത്തിന്റെ 'മുട്ടിലെ തഴമ്പ്' എന്ന് ക്രൈസ്ത സഭാചരിത്രകാരന്മാർ പറയുന്നു.

15-ാം ശതകത്തിൽ ഇറ്റലിയിലും വളരെ സുവിശേഷവിരോധികൾ ഉണ്ടായിരുന്നു. "സവോനറോള"യുടെ പ്രാർത്ഥനാ ശൗര്യം ഒന്നുകൊണ്ടുതന്നെ ആ നാടുണർന്നു എന്ന് വേണം പറയുവാൻ. പ്രേയിംഗ് ഹൈഡ് ഇന്ത്യക്കുവേണ്ടി ഏറ്റവുമധികം തീക്ഷ്ണതയോടെയും സമയമെടുത്തും പ്രാർത്ഥിച്ചതിന്റെ ഫലങ്ങൾ നാം ഇന്നും അനുഭവിക്കുന്നു.

ക്രിസ്തുവിന്റെ സഭയുടെ കെട്ടുപണിക്കായി നാം പ്രാർത്ഥിക്കുന്നതൊക്കെയും ദൈവരാജ്യം ഭൂമിയിൽ വളരെ വേഗം വരുന്നതിന് സഹായകമാണ്. ഇനിയും ഒരു വലിയ കൊയ്ത്ത് അത്യാവശ്യമാണ്. "സകല പ്രാർത്ഥനയാലും യാചനയാലും ഏത് നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ. ഞാൻ ചങ്ങല ധരിച്ച് സ്ഥാനപതിയായി സേവിക്കുന്ന സുവി


ചീഫ് എഡിറ്റർ:
ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ:
പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ:
പാ: ജോയിച്ചൻ
പാ: അബ്രാഹം , പാ: ജോർജ്ജ്
പാ:സോജൻ, പാ: യേശുദാസ്
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ് : ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി : സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ:
സംഗീത ചെന്നൈ
സ്റ്റിൽസ്: രഞ്ചിത്ത് പള്ളിച്ചൽ
ലേഔട്ട് & ഡിസൈൻ : ജീമോൻ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth

സത്യത്തിന്റെ പരിജ്ഞാനം



ശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ" (എഫേ.6:18-20).

**ദൈവരാജ്യത്തിന്റെ കെട്ടുപണി**

സുവിശേഷവും ആയി എല്ലാവരും പോകേണ്ടതാണ്. എന്നാൽ സുവിശേഷ താല്പര്യം കൂടുതൽ ഇല്ലാത്തവർക്ക് ആ വിളി കിട്ടിയിട്ടില്ലെന്ന് കരുതാം. ദൈവരാജ്യത്തിന് വളർച്ചയുണ്ടാകുവാൻ എല്ലാവരും നല്ലവണ്ണം സഹകരിക്കേണ്ടതും സാമ്പത്തികം മുടക്കേണ്ടതും ആണ്. എന്നാൽ ഇക്കാര്യത്തിൽ വിളി കിട്ടിയവർ ഉണ്ട്. അവർ എല്ലാ സഹകരണവും കഴിവിനപ്പുറത്ത് ചെയ്യും. എല്ലാറ്റിനും ഈ "വിളി" കിട്ടൽ സുപ്രധാനമാണ്. എന്നാൽ നാം മദ്ധ്യസ്ഥ പ്രാർത്ഥനയിൽ എല്ലാവിഭാഗം ആളുകളെയും ഉൾപ്പെടുത്തിയാൽ ഇത്തരം വിളി ഒത്തിരിപ്പേർക്ക് കിട്ടുകതന്നെ ചെയ്യും. അത് ദൈവരാജ്യത്തിന്റെ കെട്ടുപണിക്ക് കൂടുതൽ വേഗത വർദ്ധിക്കാൻ സഹായിക്കും.

യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതകാലത്ത് 25 കോടിയിലധികം ആളുകളെ ഉണ്ടായിരുന്നുള്ളുവെന്ന് ചരിത്രകാരന്മാർ ഊഹിക്കുന്നു. ഇന്നോ - 700-ലധികം കോടികൾ ! ഇവരെയെല്ലാം നമുക്ക് സുവിശേഷവുമായി ബന്ധിപ്പിക്കണം. പ്രാർത്ഥനയിൽ കൂടിയേ ഇത്രയധികം കറ്റകൾ കൊയ്ത് യഹോവയുടെ കളപ്പുരയിലും മെതിമുറ്റത്തും എത്തിക്കുവാൻ പറ്റുകയുള്ളു.

വൻ നഗരങ്ങൾ, നഗരങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ, കുഗ്രാമങ്ങൾ, മലയോരമേഖലകൾ ആദിവാസിമേഖലകൾ, തീരദേശങ്ങൾ എന്ന് 8 ആയി ജനവാസകേന്ദ്രങ്ങളെ കണക്കാക്കാം. എട്ടിടത്തും, അനുദിനം സുവിശേഷകന്മാർ കയറിയിറങ്ങിക്കൊണ്ടിരിക്കുന്നത് ദൈവത്തിന്റെ ഒരു പദ്ധതി തന്നെയാണ്. ആ എട്ടൊമ്പത് വിഭാഗം സ്ഥലങ്ങളെയും അവിടെ കയറിയിറങ്ങുന്ന ശുശ്രൂഷകരെയും സമർപ്പിച്ച് നിരന്തരമായി പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കണം. ആ കാടും മേടും ഉൾപ്പെടെയുള്ളിടങ്ങളിൽ താമസിക്കുന്ന എല്ലാ വിഭാഗത്തിലും പെട്ട മനുഷ്യരെയും അവരുടെ വളർത്തുമൃഗങ്ങളെയും വളർത്തുപക്ഷികളെയും ഒക്കെ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണം. അവിടുത്തെ നഗരപാലകന്മാർ, പോലീസ് ഉദ്യോഗസ്ഥന്മാർ, അദ്ധ്യാപകർ, വിവിധ വാഹനങ്ങൾ ഓടിക്കുന്നവർ, സമാധാനസ്ഥാപകർ, വഴക്കാളികൾ, മദ്യപന്മാർ, പഞ്ചായത്ത് അധികാരികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, വിവിധയിനം തൊഴിലാളികൾ എന്നു തുടങ്ങിയവരും, അവരിലെ രോഗദു:ഖങ്ങളിലും, സാമ്പത്തികഭാരങ്ങളിലും, വിദ്യാഭ്യാസകുറവിനാലും, ബുദ്ധിമാന്ദ്യങ്ങളാലും വിഷമിക്കുന്നവർ മുതലായവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ നിയോഗം ലഭിച്ചവർ ആത്മാവിൽ നിറഞ്ഞ് ആത്മാർത്ഥതയോടും തീക്ഷ്ണതയോടും അതു ചെയ്താൽ ദൈവത്തിനും അതൊക്കെയും സ്വീകാര്യമായിരിക്കും.

ആദ്യമായി വചനം കേൾക്കു

## ഉള്ളടക്കം


- അടിസ്ഥാന ദൈവശാസ്ത്രം 02
- ഡോക്ടർ കുടുംബത്തിൽ അനുഗ്രഹം 13
- ശക്തമായ ബ്ലീഡിംഗ് സൗഖ്യമായി 15
- കുഞ്ഞുങ്ങളെ നല്കി അനുഗ്രഹിച്ചു 21
- ഫൈബ്രോയ്ഡ് സൗഖ്യമായി 25
- ആമാശയ ക്യാൻസർ സുഖപ്പെട്ടു 27
- കാൽപ്പത്തിയിലെ മുഴ സൗഖ്യമായി 28
- 13 വർഷങ്ങൾക്കു ശേഷം കുഞ്ഞുങ്ങൾ 30
- വാർത്തകൾ 34
- പ്രോഗ്രാം 35

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

ന്നവർക്കും പ്രാർത്ഥനാനുഭവം ലഭിക്കുന്നവർക്കും അവ ഉള്ളിൽ കടക്കാത്ത വിധമുള്ള സമ്മർദ്ദങ്ങൾ വളരെയാണ്. കൂട്ടുകുടുംബ സമ്മർദ്ദത്താലുള്ള ഭയവും, ഭീരുത്വവും, സ്വജാതിയരുടെ നിർബന്ധം, പുരോഹിതന്മാരുടേയും മതനേതാക്കന്മാരുടേയും ആധിപത്യം ഇത്തരം കാരണങ്ങളാൽ സത്യം മനസ്സിലായാലും സത്യമായ സുവിശേഷത്തിലേക്ക് വേർപെടുവാൻ സഹായിക്കുന്ന തീരുമാനങ്ങളെടുക്കാൻ പ്രയാസമാണ്. പുരോഹിതന്മാരും മതനേതാക്കന്മാരും മുഖാന്തരമാണ് തങ്ങളുടെ മക്കൾക്ക് മെച്ചപ്പെട്ട ഭാവി ലഭിക്കുന്നതും വീടും ചികിത്സയും കിട്ടുന്നതും മരണാനന്തര കർമ്മങ്ങൾ ഉൾപ്പെടെ സകല കാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നതും എന്നാണ് സുവിശേഷത്തിന്റെ ശത്രുവായ പിശാച് അവരെ പറഞ്ഞ് ധരിപ്പിച്ചുവച്ചിരിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ സുവിശേഷസ്നേഹികളുടെ കൂടെക്കൂടെയുള്ള ഭവനസന്ദർശനങ്ങളും അവരെയും ജനത്തെയും സപ്പോർട്ട് ചെയ്തുകൊണ്ടുള്ള നിരന്തരമായ മദ്ധ്യസ്ഥപ്രാർത്ഥനാശുശ്രൂഷകളെയും ദൈവം നമ്മിൽനിന്നും കൂടുതലായി അഭിലഷിക്കുന്നു. അതൊരു വലിയ കൊയ്ത്തായിരിക്കും. കൊയ്ത്തിന് വേണ്ടിയുള്ള വിവിധോപാധികളിൽ അരിവാളിന് മൂർച്ചകൂട്ടുന്നത് ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനയാലാണ്.

മൂന്നാം ലോകരാജ്യങ്ങളെ ബാധിച്ചിരിക്കുന്ന ക്യാൻസറാണ്, ഭൗതികവാദവും, സയൻസും, ടെക്നോളജിയുടെ വളർച്ചയും, സാമ്പത്തികവളർച്ചയും-ഇവയാണ് എല്ലാ നന്മകൾക്കും കാരണം, എന്ന ചിന്തയും.

ധനസമ്പത്തും, സുഖസൗകര്യങ്ങളുടെ വളർച്ചയുമാണ് ഏറ്റവും അത്യാവശ്യമായത് എന്നതും അവയെ നേടിയെടുക്കാനും സ്വന്തം മതത്തിന്റെ നിയന്ത്രണരേഖക്കുള്ളിൽ എല്ലാവരെയും കൊണ്ടുവരുവാൻ വേണ്ടി വിപ്ലവവും, തീവ്രവാദവും ഒക്കെ അത്യാവശ്യമാണെന്ന ചിന്തയും ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. ഇത്തരം മത-അരാഷ്ട്രീയ വാദ കോലാഹല കൊടും വിഷം കഴിച്ച് ജീവിക്കുന്നവരൊക്കെയും നരകത്തീയിലേക്ക് കാലും നീട്ടി ഇരിക്കുന്നവർ തന്നെ. അവരുടെയിടയിൽ നമുക്ക് സുവിശേഷവുമായി കടന്നുചെല്ലുവാനൊ ഭവനസന്ദർശനമോ ട്രാക്റ്റു കൊടുക്കലോ ഒന്നും എളുപ്പമായിരിക്കില്ല, ഗ്രൂപ്പുകൂടിയിരുന്നുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാൽ ദൈവത്തിന്റെ കരുണ അവരെ വാരിപ്പുണരുവാൻ ഇടയായിക്കഴിയുമ്പോൾ, വിളവെടുപ്പിന്, പാകമായിക്കഴിയുമ്പോൾ നല്ല കൊയ്ത്തിന് അരിവാളിടുവാൻ കഴിയും.

പലരുടേയും ദേവീദേവന്മാർ അവരെ അസംതൃപ്തരാക്കിക്കഴിഞ്ഞിരിക്കുന്നു. അനാകൃഷ്ടരും ഹൃദയശൂന്യരുമാക്കിക്കഴിഞ്ഞിരിക്കുന്നു. വേണ്ടത്ര കബളിപ്പിച്ചു കഴിഞ്ഞു. ഇവരൊക്കെയും അന്വേഷിക്കേണ്ട ദേവിയും ദേവനും **യേശുക്രിസ്തു** മാത്രമാണെന്ന്, പ്രാർത്ഥനയുടെ വമ്പിച്ച സപ്പോർട്ടോടുകൂടിയവർ അവരോടൊക്കെ പറയുവാനും സാക്ഷ്യപ്പെടുത്തുവാനും ഇടയായാൽ, ചില ഭക്ഷണം കഴിക്കുകയില്ലാത്ത കുട്ടികളെ വിവിധ കളിപ്പാട്ടങ്ങൾ നൽകിയും ടിവിയിൽ വരുന്ന മൃഗജീവജാലങ്ങളുടെ കളികൾ കാണിച്ചുകൊണ്ടും, ഉണർത്തിക്കഴിഞ്ഞ്, നല്ലപോലെ വയർ നിറച്ച് ആഹാരം കൊടുക്കുവാൻ കഴിയുന്നതുപോലെ ബോധവത്ക്കരണം നടത്തുവാൻ കഴിയും.

വ്യാജ ദൈവങ്ങളെയും, വ്യാജ മതദർശനങ്ങളെയും, പാപവഴികളെയും, പൈശാചിക ഗൂഢതന്ത്രങ്ങളെയും കൊലപാതക രാഷ്ട്രീയസ്വഭാവങ്ങളെയും സുവിശേഷപ്രസംഗങ്ങളിലൂടെയല്ല, നമുക്ക് തകർക്കുവാൻ പറ്റുക; ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനകളിലൂടെയാണ്.

ശക്തമായ പ്രാർത്ഥനയുടേയും, സഹിഷ്ണുതയുടേയും അകമ്പടിയോടെയുള്ള, പരിശുദ്ധാത്മാവാൽ പ്രേരിതമായ സുവിശേഷപ്രഘോഷണങ്ങളും പാട്ടുകൾ പാടിയുംസ്തുതിപ്പുകൾ ഉയർത്തിയും കൊണ്ടുള്ള ആരാധനകളും "ദൈവരാജ്യം" തന്നെയായ 'യേശു' ഹൃദയത്തിൽ സമാധാനവും സന്തോഷവും നൽകിക്കൊണ്ടുള്ള വാസത്തിന് വളരെയേറെ സഹായിക്കും. എന്നാൽ **66 ബൈബിൾ ബുക്കുകളെ സാമാന്യമായെങ്കിലും അറിയാതെയും,**




**ബൈബിളിന്റെ 'തീം' ആയ ക്രിസ്തുവിന്റെ "സൗജന്യരക്ഷ" യെ ആസ്വദിക്കുവാൻ കഴിയാതെയും ആത്മാഭിഷേകം പ്രാപിക്കാതെയും, പാപവിമോചനം നേടിയ ഹൃദയാന്തരീക്ഷത്തിൽ നിന്നുയരുന്ന ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയുടെ സമാധാനം അനുഭവിക്കാതെയും പരസ്നേഹത്തിലധിഷ്ഠിതമായ പെരുമാറ്റം എങ്ങനെയാണെന്നറിയാതെയും "ദൈവരാജ്യ" മനുഭവിക്കുന്നവർ പിശാചിന്റെ ഭോഷ്ക്കിൽ അകപ്പെടുക തന്നെ ചെയ്യും.** അത്തരക്കാരുടെ സഭയെ ദൈവം പ്രോത്സാഹിപ്പിച്ച് വളർത്തുകയില്ല. അതിന്റെ കാരണം അവർ നിത്യത ലക്ഷ്യമാക്കാത്തതു കൊണ്ടാണെന്നല്ലേ? നാം വിവിധ പൗരോഹിത്യമതസംസ്ക്കാരങ്ങളിൽ നിന്നിറങ്ങിയവരാണെന്ന് നമ്മേക്കാൾ കൂടുതലായി ദൈവം അറിയുന്നു. അതുകൊണ്ടാണ് തിയോളജിയിലേക്ക് എത്തിനോക്കുവാൻ സഹായിക്കുന്ന "മർമ്മ"ങ്ങൾ അനേകം മാസങ്ങളിലെ മാസികകളിലൂടെ പ്രസിദ്ധീകരിക്കുന്നത്. ഒരു നല്ല എഞ്ചിനീയറുടെ പ്ലാനില്ലാതെ ഒരു കെട്ടിട സമുച്ചയമോ പാലമോ പണിതാൽ സംഭവിക്കാൻ പോകുന്ന വിനയറിയാമല്ലോ. അതുപോലെ ക്രൈസ്തവ ജീവിതവും ബൈബിൾ അവതരിപ്പിക്കുന്ന ദർശനദീപ്തിയിൽ അടിസ്ഥാനമിട്ടിരിക്കണം. ആ ദർശനദീപ്തി പരിശുദ്ധാത്മാവിനാൽ ശക്തമായ ഉൾപ്രേരണയില്ലാത്തവർ അവതരിപ്പിച്ചാൽ സഭാ വൃക്ഷം വാടിത്തളർന്നുപോകും. ചർച്ച് ഓഫ് ഇറ്റേണിറ്റിക്ക് ഇപ്പോൾ 7 വയസ്സേ ആയിട്ടുള്ളു. AG പോലെയും IPC പോലെയും ഉള്ള സഭകൾ ഉജ്ജ്വലമായി വളർന്ന് പടർന്നു നിൽക്കുന്നു. ആ ക്ലാസിക്കൽ പെന്തക്കോസ്ത് സഭകളെ കർത്താവ് അതിശക്തമായി ഇനിയും വളർത്താൻ നാം പ്രാർത്ഥിക്കുക. ന്യൂജനറേഷൻ ചർച്ചുകൾ അനവധിയാണ്. സ്വതന്ത്ര സഭകൾ വേറെയും. ആ സഭകളിലൊക്കെയും ദൈവാത്മാവ് പ്രവർത്തിക്കുന്നത് കൊണ്ട് അവയെ "സുവിശേഷവിരോധികൾ" തകർക്കുവാൻ ശ്രമിച്ചിട്ടും തളരാതെ നിൽക്കുകയാണ്.

എന്നാൽ അവിടെയൊക്കെ സ്നാനാർത്ഥികളുടെ എണ്ണം വളരെ വളരെ കുറഞ്ഞിട്ടുണ്ടെങ്കിൽ അവരുടെ ആശയപരമായ ടീച്ചിംഗിന്റെ കുറവോ, വിശ്വാസത്തിലധിഷ്ഠിത പ്രാർത്ഥനയുടെ കുറവോ, പൂർണ്ണ മാനസാന്തരത്തോടെയുള്ള വിശുദ്ധിയുടെ കുറവോ പരിശുദ്ധാത്മാവിന് വിട്ടുകൊടുക്കാത്തതോ ഏതേതാണെന്ന് അവരവർ കണ്ടുപിടിച്ച് പരിഹരിക്കട്ടെ. അത് അവരുടെ ആത്മീയ ജോലിയാണ്. നാം ശക്തമായി പ്രാർത്ഥിച്ചാൽ അനുഗ്രഹം അനുഗ്രഹംഎന്നുപറഞ്ഞു കൊണ്ടുള്ളതും, രക്ഷയേക്കാൾ അമിത പ്രാധാന്യം രോഗശാന്തിക്കും ഭൂതങ്ങളെ ഇറക്കിവിടലിനും വീടു പണിക്കും ഒക്കെ കൊടുക്കുന്നതുമായ അനേകം വചനപ്രഘോഷകരുടെ ശൈലി തന്നെ മാറിപ്പൊയ്ക്കൊള്ളും. എന്നാൽ ഈ നാലു കാര്യങ്ങളും ക്രിസ്തു നൽകുന്ന സൗജന്യ രക്ഷയും ക്രിസ്തുവിന്റെ വീണ്ടും വരവും ആത്മാവിലും സത്യത്തിലുമുള്ള ആരാധനയും വരദാനങ്ങളിൽ സ്നേഹത്തിനുള്ള പ്രാവീണ്യവും ഒക്കെ ആത്മാഭിഷേകം മാസിക പഠിക്കുന്നവർക്ക് ഉണ്ടാവുകതന്നെ ചെയ്യും.

**സഭയുടെ ഉപദേശങ്ങൾ രൂപപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-**

1. ഉപദേശങ്ങൾ രൂപപ്പെടുത്തുന്നവരും ഉപദേശങ്ങൾക്ക് വിധേയപ്പെടുന്നവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നുണ്ടോ? (പരിശുദ്ധാത്മസ്നാനം ലഭിച്ച വ്യക്തികൾ വേണം ഉപദേശങ്ങൾ രൂപപ്പെടുത്തുവാൻ. ഹീബ്രുഭാഷയിലെ പഴയനിയമ മൂലകൃതികളെയും, ഗ്രീക്കുഭാഷയിലെ പുതിയനിയമ ഗ്രന്ഥങ്ങളുടെ മൂലകൃതികളേയും, ഇന്റർനാഷണൽ ബൈബിളായ ഇംഗ്ലീഷ് ബൈബിളിനെയും സാമാന്യമായി പഠിച്ചറിഞ്ഞവരാണ് അവ കൈകാര്യം ചെയ്യുന്നതെങ്കിൽ അത് കൂടുതൽ ശ്രേഷ്ഠമാണ്).

2. പ്രസ്തുത ഉപദേശം യേശുക്രിസ്തുവിനാൽ പഠിപ്പിക്കപ്പെട്ടിട്ടുണ്ടോ? (ഉദാ:- മരിയഭക്തി, മരണാനന്തര കർമ്മങ്ങൾ ഇതരമദ്ധ്യസ്ഥന്മാരോടുള്ള പ്രാർത്ഥന തുടങ്ങിയവ)

3. പൗലോസ് തുടങ്ങിയ അപ്പൊസ്തലന്മാരാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഉപദേശങ്ങളാണോ ?

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

4. ആദിമസഭ ആ ഉപദേശങ്ങളെ സ്വീകരിച്ചിട്ടുണ്ടോ ?

5. ആദിമ സഭാപിതാക്കന്മാർ എന്നറിയപ്പെടുന്ന ഒരിഗൺ, ക്ലമന്റ്, അത്തനാസിയോസ് മുതലായവരിൽ ഭൂരിപക്ഷം പേർ ആ ഉപദേശത്തെ “സപ്പോർട്ട്” ചെയ്തിട്ടുണ്ടോ ?

6. ബൈബിളിന്റെ ആകമാന പഠിപ്പിക്കലിന്റെ കേന്ദ്ര ആശയമായ, ക്രിസ്തുവിന്റെ ക്രൂശിതമരണവും ഉയിർപ്പും (വീണ്ടുംവരവും) മുഖാന്തരം മനുഷ്യന് വാഗ്ദാനം ചെയ്യപ്പെട്ട വീണ്ടും ജനനവും, വീണ്ടെടുപ്പും, സൗജന്യരക്ഷയ്ക്കും, യോജിച്ചതാണോ പ്രമേയം ?

7. പഴയനിയമ പുതിയനിയമ കാഴ്ച്ചപ്പാടുകളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും രണ്ടിലുമുള്ള ദൈവം ഒന്നാണ്, രണ്ടിലുമുള്ളത് ദൈവവചനം തന്നെയാണ്. എങ്കിലും പുതിയനിയമം പൊരുളും പഴയനിയമം നിഴലുമാണെന്നത് ദൈവത്തിന്റെ വ്യവസ്ഥയാണെന്നതും അടിസ്ഥാന സത്യമാണെന്നത് ഒരിക്കലും മറക്കരുത്.

8. ദുരുപദേശ പ്രചരണം നടത്തുന്നകൾട്ട് വാദികളുടെ ന്യായവാദശാസ്ത്രത്തെ അറിഞ്ഞ് അവയെ തിരുവചനങ്ങളാകുന്ന ഖഡ്ഗം കൊണ്ട് പരാജയപ്പെടുത്തുവാനുള്ള ആത്മബലം പ്രാപിച്ചവരാണോ ഉപദേശസംഹിത തയ്യാറാക്കുന്നത് ?

9. പാപം, ലോകം, പിശാച് എന്നിവയോട് അയവില്ലാത്ത സമീപനം, സുവിശേഷവിരോധികളോടുള്ള സഹിഷ്ണുത, മതരാജ്യസഹിഷ്ണുത, പക്വത, ജനാധിപത്യ സംവിധാനങ്ങളോടുള്ള ആദരങ്ങൾ തുടങ്ങിയവയെല്ലാം സമഞ്ജസമായി സമ്മേളിച്ചിട്ടുണ്ടോ ?

10. എന്തും ഏതും ദൈവനാമമഹത്വത്തിനും കൃപയാലുള്ള വിശ്വാസം വഴിയുള്ള രക്ഷയ്ക്കും ഉതകുന്നതും ക്രൈസ്തവചരിത്ര പരിപ്രേക്ഷ്യങ്ങളുടെ ഭൂതവർത്തമാനകാലങ്ങളുടെ പഠനവും നമുക്ക് അത്യന്താപേക്ഷിതമാണ്.

## എപ്പോഴാണ് ഒരു ഉപദേശം ദുരുപദേശമാകുന്നത് ?

യേശുക്രിസ്തു അക്കാര്യം അരുളിച്ചെയ്തിട്ടുണ്ടാവുകയില്ല. ആ ഉപദേശം പൗലോസ് അപ്പൊസ്തലൻ തുടങ്ങിയവർ ലേഖനങ്ങളിലോ, അപ്പൊസ്തലപ്രവർത്തനങ്ങളിലോ രേഖപ്പെടുത്തിയിട്ടുണ്ടാവുകയില്ല. അങ്ങനെയുള്ളവ ദുരുപദേശമാണ്. യേശുവിനെ ദൈവമെന്ന് തിരിച്ചറിഞ്ഞ് ത്രിത്വത്തെ സ്നേഹിച്ചാരാധിക്കുന്നവർക്ക് ലഭിക്കുന്ന സ്വർഗ്ഗം ദുരുപദേശങ്ങളിൽ കുടുങ്ങിയവർക്ക് ലഭിക്കുകയില്ല. അതുകൊണ്ട് ദുരുപദേശങ്ങളിൽ കുടുങ്ങിയവർ ഇനിയെങ്കിലും അവയെ തിരിച്ചറിഞ്ഞ് ചർച്ച് ഓഫ് ഇറ്റേണിറ്റിയിലേക്കൊ സമാന്തര സത്യസുവിശേഷ സഭകളിലേയ്ക്കൊ കടന്നു വരിക തന്നെ വേണം. 2 യോഹ.9,10,11 “ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവമില്ല. ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ, നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവനോട് കുശലം പറയുകയുമരുത്. അവന് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവർത്തിക്ക് കൂട്ടാളിയല്ലോ”. വെളിപ്പാട് 2:9-ലും അപ്പ. പ്രവർത്തികൾ 20:30-ലും റോമ. 15:17-ലും ഒക്കെസമാനാശയങ്ങൾ കാണുന്നുണ്ട്. പ്രവർത്തികളാൽ രക്ഷ കിട്ടുമെന്ന ഉപദേശം ദുരൂപദേശമാണ്. നേർച്ചകാഴ്ചകളും, കുരിശിന്റെ വഴികളും, മലകയറ്റങ്ങളും, കുരിശുചുമക്കലും, ഗീവർഗ്ഗീസ്-ജോസഫ് തുടങ്ങിയവരുടെ ചാത്തം ഊണിലും, മറിയബിംബത്തെ സാരിയുടുപ്പിക്കലും, പൊങ്കാലയിടലും പദയാത്ര നടത്തി വേളാങ്കണ്ണിയിലേയ്ക്കൊ, പരുമലപ്പള്ളിയിലേയ്ക്കൊ, വിശുദ്ധനാടുകളിലേയ്ക്കൊ തീർത്ഥയാത്ര നടത്തലും പെരുന്നാളുകൾ നടത്തിക്കൊടുക്കലും കപ്പേളയും പള്ളിയുമൊക്കെ പണിഞ്ഞുകൊടുക്കലും, വിഗ്രഹങ്ങളെ എഴുന്നെള്ളിപ്പും ഒക്കെ ദുരുപദേശങ്ങൾ അനുസരിച്ചുള്ള കർമ്മങ്ങൾതന്നെയാണ്.

രൂപങ്ങളും വിഗ്രഹങ്ങളും ചിത്രങ്ങളും അവകളുടെ മുമ്പിൽ വിളക്കു കത്തിക്കലും മെഴുകുതിരി കത്തിക്കലും ഒക്കെ ദുരുപദേശങ്ങളാണ്. യേശു ഒഴികെയുള്ള മദ്ധ്യസ്ഥരെ വണങ്ങുന്നതും ലേവ്യാ പൗരോഹിത്യവും സ്ഥാന വസ്ത്രങ്ങളും അനുകരിക്കുന്നതും ശിശുസ്നാനവും മൂറോൻ തൈലം തളിക്കുന്നതും




ചിലരെ വാഴ്ത്തപ്പെട്ടവരും വേറെ ചിലരെയോ അവരെ തന്നെയോ വിശുദ്ധരായി കാണുന്നതുമൊക്കെ ദുരുപദേശങ്ങൾ തന്നെ. ആഭരണങ്ങളോടുള്ള അഭിനിവേശവും, പാപമോചനലക്ഷ്യത്തോടെയും വിശുദ്ധിലഭിക്കാനുള്ള ആഗ്രഹത്തോടെയും കുമ്പസാരിക്കുന്നതുമൊക്കെ ദുരുപദേശങ്ങളാണ്. പരിച്ഛേദന, മൃഗപക്ഷിയാഗങ്ങൾ, നിക്കലവ്യത്വം, മറ്റുള്ളവരെക്കൊണ്ട് അമിതനിഷ്ഠ ചെയ്യിക്കലുമൊക്കെ ദുരുപദേശങ്ങൾ തന്നെയാണ്. ഉപരിപ്ലവമായ ഞായറാഴ്ചക്രിസ്ത്യാനിത്വവും ലോകമയത്വത്തെ ന്യായീകരിക്കലും എല്ലാം ദുരുപദേശങ്ങൾ തന്നെ.

വിവിധ സഭകളിൽ കടന്നുകൂടിയ ഇത്തരം അനാചാരങ്ങളെയും ദുശ്ശീലങ്ങളെയും കണ്ടറിഞ്ഞും കേട്ടറിഞ്ഞും അനുകരിക്കാതിരിക്കാനും അതിൽ കുടുങ്ങാതെയിരിക്കുവാനുമാണ് തിയോളജിക്കലായി നാം ബൈബിൾ പഠിക്കുന്നത്. തൂവാല വീശിയും, ഊതിവീഴ്ത്തൽ നടത്തിയും, ആളുകളെ കൂട്ടത്തോടെ വീഴ്ത്തുവാനും ഉയർന്നും താഴ്ന്നും ചാടിയും മറിഞ്ഞും ആത്മാവിന്റെ വളർച്ച എന്ന വ്യാജേന കാട്ടിക്കൂട്ടുന്ന ന്യൂജനറേഷൻ ചർച്ചുകാരുടെ ഭക്തിയെന്ന് മുദ്രകുത്താൻ സാധ്യതയുള്ള സംഭവങ്ങളൊക്കെ നടത്തുവാൻ പ്രേരിപ്പിക്കുന്നതും അതിൽ ആകർഷിക്കപ്പെടുന്നതും ക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിക്കാത്തവയാണ്. വ്യാജാനുകരണങ്ങളാണ്.

അന്യഭാഷയോ, അന്യഭാഷയിലെ സ്തുതിയുടെ ആവർത്തനങ്ങളോ, ദർശനങ്ങൾ പ്രാപിച്ച് പ്രവചനങ്ങൾ പറയുന്നതോ രോഗികൾക്കായി പ്രാർത്ഥിച്ച് ദൈവം ബോധ്യം നൽകുന്ന സുഖപ്പെടുത്തലുകളുടെ റിപ്പോർട്ട് സത്യസന്ധമായി പറയുന്നതോ ഭൂതങ്ങളെ ഇറക്കിവിടുന്നതോ, മരിച്ചവരെ ഉയർപ്പിക്കുന്നതോ വിശ്വാസത്തിന്റെ പ്രാർത്ഥനയിൽ ലഭ്യമാകുന്ന വിടുതലുകളോ, എല്ലാമെല്ലാം പ്രത്യേക പ്രതിഫല ലക്ഷ്യത്തോടെയല്ലെങ്കിൽ ബൈബിൾ അവതരിപ്പിക്കുന്ന ആശയങ്ങൾ തന്നെയാണ്. സഭയുടേയോ സുവിശേഷപ്രവർത്തകരുടേയോ ദൈനംദിനാവശ്യങ്ങൾക്കായോ, സുവിശേഷപ്രചാരണത്തിനായോ, നിർബ്ബന്ധിക്കാതെയും കപടദൂതുകൾ നൽകാതെയും സ്വാഭാവികമായും ലഭിക്കുന്ന സംഖ്യകൾ ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുന്നതും, ബൈബിൾ അധിഷ്ഠിതമായ നിത്യതയ്ക്ക് ഭംഗം വരികയില്ലാത്ത ക്രൈസ്തവ ധാർമ്മികതയും എല്ലാം യഥാർത്ഥ ആത്മീയതയ്ക്ക് യോജിച്ചവയും തന്നെയാണ്.

പക്ഷെ വിവേകമതികൾ ബൈബിൾ പഠിച്ചിരിക്കണം. ഒരു ഉപവാസപ്രാർത്ഥനക്കു വരുന്ന നൂറ് സ്ത്രീകളോടും പത്ത് കുഞ്ഞുങ്ങളോടും പതിനഞ്ച് മുതിർന്ന പുരുഷന്മാരോടും നാലോ അഞ്ചോ മണിക്കൂർ പാടി ആരാധിച്ച് വചനം പങ്കുവെച്ച് ദൂതുകൾ പറഞ്ഞ്, സാക്ഷ്യങ്ങൾ പറയിച്ച് സ്തോത്രക്കാഴ്ചയും വാങ്ങി അറിയിപ്പുകളും അറിയിച്ച്, ആവശ്യമായി വന്നാൽ ടെലിവിഷൻ ചാനലുകളിലും ശുശ്രൂഷ ചെയ്യുന്നതിന് വമ്പിച്ച ബൈബിൾ ജ്ഞാനമൊന്നും ആവശ്യമില്ല. ഒരു നല്ല വിശ്വാസിയെന്ന ആത്മീയനായി ജീവിക്കുന്നതിനും ചെറിയ ശുശ്രൂഷകളൊക്കെ ചെയ്യുന്നതിനും ഇത്രയേറെ പഠിക്കേണ്ട അത്യാവശ്യമില്ല. നിത്യീവൻ പ്രാപിച്ചാൽ മതിയെങ്കിൽ, ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കുന്ന മാനസാന്തരഫലങ്ങൾ പുറപ്പെടുവിക്കുന്ന വിശ്വാസസ്നാനം പ്രാപിച്ച, അഭിഷേകം പ്രാപിച്ച ഒരു വിശ്വാസിയായാൽ മതി. എന്നാൽ അടുത്തുവരുന്ന തലമുറകൾക്കുവേണ്ടി എന്തെങ്കിലും ആത്മീയ സമ്പാദ്യം സഭയുടെ ട്രഷറിയിൽ സൂക്ഷിച്ചുവെച്ച അപ്പൊസ്തലന്മാരേപ്പോലെ നിങ്ങൾക്കാകാൻ 'വിളി'യുണ്ടെങ്കിൽ നിങ്ങൾ എന്നും ഒരു ബൈബിൾ വിദ്യാർത്ഥി ആയേ പറ്റൂ.

നല്ല ഒരു ബൈബിൾ വിദ്യാർത്ഥി പരിശുദ്ധാത്മാവിന്റെ സഹായത്താൽ ബൈബിൾ പഠിക്കുന്നില്ല എങ്കിൽ കൂടുതൽ കൂടുതൽ സംശയങ്ങൾ ഉണ്ടാകും. എന്നാൽ പ്രാർത്ഥനയുടെ മനസ്സോടെ ബൈബിൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ പഠിച്ചാൽ എങ്ങനെയിരിക്കുമെന്ന് നോക്കാം.

## പൊരുളും നിഴലും

ഗലാത്തിയാ ലേഖനം 3-ാം അദ്ധ്യായം

1 "ഹാ ബുദ്ധിയില്ലാത്ത ഗലാത്തിയ




രെ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി, നിങ്ങളുടെ കണ്ണിൻ മുമ്പിൽ വരച്ചുകിട്ടിയിരിക്കെ, നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആര് ?

2. ഞാൻ ഇതൊന്നു മാത്രം നിങ്ങളോട് ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു. നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവർത്തിയാലോ ?

വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ ?

3. നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ ? ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഢംകൊണ്ടോ സമാപിക്കുന്നത് ?

4. ഇത്രയെല്ലാം വെറുതെ അനുഭവിച്ചുവോ ? വെറുതെയത്രെ എന്ന് വരികിൽ,

5. എന്നാൽ നിങ്ങൾക്ക് ആത്മാവിനെ നൽകി നിങ്ങളുടെയിടയിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നവൻ ന്യായപ്രമാണത്തിന്റെ പ്രവർത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗത്താലോ അങ്ങനെ ചെയ്യുന്നത് ?

6. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ.

7. അതുകൊണ്ട് വിശ്വാസികൾ അത്രെ അബ്രഹാമിന്റെ മക്കൾ എന്ന് അറിവിൻ.

8. എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നുവെന്ന് തിരുവെഴുത്ത് മുൻകണ്ടിട്ട് : "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും". എന്നുള്ള സുവിശേഷം അബ്രഹാമിനോട് മുൻകൂട്ടി അറിയിച്ചു.

9. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടു കൂടെ അനുഗ്രഹിക്കപ്പെടുന്നു.

10. എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻകീഴാകുന്നു; ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ.

11. എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നത് സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്.

12. ന്യായപ്രമാണത്തിനോ വിശ്വാസമല്ല ആധാരമായിരിക്കുന്നത്; "അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും" എന്നുണ്ടല്ലോ (ലേവ്യ.18:5).

13. "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ (ആവ.21:22) എന്നെഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു; ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കു വാങ്ങി

14. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്ക് വരേണ്ടതിന് നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ. 15. സഹോദരന്മാരെ ഞാൻ മനുഷ്യരുടെയിടയിൽ നടപ്പുള്ള ഒരു ദൃഷ്ടാന്തം പറയാം; ഒരു മനുഷ്യന്റെ നിയമം ആയാലും, അതിന് ഉറപ്പു വന്ന ശേഷം ആരും ദുർബ്ബലമാക്കുകയോ അതിനോട് വല്ലതും കൂട്ടികല്പിക്കുകയോ ചെയ്യുന്നില്ല.

16. എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല, **"നിന്റെ സന്തതിക്ക്"** എന്ന് ഏകനേക്കുറിച്ചത്രെ പറയുന്നത് ; അത് **ക്രിസ്തു** തന്നെ.

17. ഞാൻ പറയുന്നതിന്റെ താല്പര്യമോ; നാനൂറ്റിമുപ്പത് ആണ്ട് കഴിഞ്ഞിട്ട് ഉണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം അത് ദൈവം മുമ്പ് ഉറപ്പാക്കിയ നിയമത്തെ ദുർബ്ബലമാക്കുന്നില്ല.

18. അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്തത്താലല്ല വരുന്നത്; അബ്രഹാമിനോ ദൈവം അതിനെ വാഗ്ദത്തം മൂലം നൽകി. എന്നാൽ ന്യായപ്രമാണം എന്തിന്?

19. വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏൽപ്പിച്ചതും അത്രെ.

20. ഒരുത്തൻ മാത്രം എങ്കിൽ മദ്ധ്യസ്ഥൻ വേണ്ടി വരികയില്ല; ദൈവമോ ഒരുത്തൻ മാത്രം.

21. എന്നാൽ ന്യായപ്രമാണം ദൈവവാഗ്ദത്തങ്ങൾക്ക് വിരോധമോ ? ഒരുനാളും അല്ല; ജീവിപ്പിക്കാൻ കഴിയുന്നൊരു ന്യായപ്രമാണം നൽകിയിരുന്നെങ്കിൽ ന്യായപ്രമാണം വാസ്തവമായും നീതിക്ക് ആധാരമാകുമായിരു




ന്നു.

22. എങ്കിലും വിശ്വസിക്കുന്നവർക്ക് വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിന് തിരുവെഴുത്ത് എല്ലാറ്റിനേയും പാപത്തിൻകീഴ് അടച്ചുകളഞ്ഞു.

23. വിശ്വാസം വരുംമുമ്പെ നമ്മിൽ വെളിപ്പെടുവാനിരുന്ന വിശ്വാസത്തിനായിക്കൊണ്ട് ന്യായപ്രമാണത്തിൻ കീഴിൽ അടച്ച് സൂക്ഷിച്ചിരുന്നു.

24. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേയ്ക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു".

ഗലാത്യ വിശ്വാസികൾ യേശുക്രിസ്തു വഴി ലഭിക്കുന്ന കൃപയിലാണ് വിശ്വസിക്കേണ്ടത്. യേശുക്രിസ്തു രക്ഷണ്യവേല പൂർത്തീകരിച്ച് കഴിഞ്ഞതാണ്. അതിനോട് ആർക്കും ഒന്നും കൂട്ടിച്ചേർക്കുവാനില്ല. പക്ഷെ, ഗലാത്യർ പണ്ടും നമ്മൾ ഇക്കാലത്തും പലതും കൂട്ടിച്ചേർക്കാൻ താല്പര്യപ്പെടുന്നു. ഗലാത്യർ അറിയാതെ അങ്ങനെ പഴയ ചില കർമ്മങ്ങൾക്ക് (ഉദാ.പരിച്ഛേദന) വഴി തുറന്ന് കൊടുക്കുന്നത് ആത്മാവിൽ അറിഞ്ഞ് അപ്പൊസ്തലനായ പൗലോസ് നിങ്ങളെ വല്ലവരും ക്ഷുദ്രം ചെയ്ത് മയക്കിയതാണോ എന്ന് ചോദിക്കുന്നു. ഹാ, ബുദ്ധിയില്ലാത്ത ഗലാത്യരെ എന്നതിന്റെ അർത്ഥം മൂഢന്മാരായ ഗലാത്യരെ എന്നാണ്. ലൂക്ക. 24:45-ൽ കർത്താവ് ശിഷ്യന്മാരുടെ ബുദ്ധിയെ തിരുവെഴുത്തുകൾ തിരിച്ചറിയാൻ തുറക്കുകയുണ്ടായി.റോമ.1:14-ൽ ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരനാകുന്നു എന്നുണ്ട്. തീത്തോ.3:3-ൽ മുമ്പെ നാമും ബുദ്ധികെട്ടവരും അനുസരണം ഇല്ലാത്തവരും വഴിതെറ്റിനടക്കുന്നവരും എന്നെഴുതിയിരിക്കുന്നു. ബൈബിളിൽ പലയിടത്തായി ഇങ്ങനെ എഴുതിയിരിക്കുന്നു എന്ന് പറഞ്ഞുവെന്ന് മാത്രം.

ഗലാത്യലേഖനം3-ാം അദ്ധ്യായത്തിലെ ഉപദേശവിഷയം പ്രവൃത്തിയാലാണോ വിശ്വാസത്താലാണോ മനുഷ്യർക്ക് നീതീകരണം ലഭിക്കുന്നത് എന്നതാണ്. ന്യായപ്രമാണ പ്രവൃത്തികളല്ല, വിശ്വാസം മാത്രമാണ് രക്ഷയ്ക്ക് ആധാരമെന്നത് തെളിയിക്കുവാൻ അബ്രഹാമിന്റെ മാതൃക (3:1-5) യും പഴയനിയമ തിരുവെഴുത്തുകളുടെ സാക്ഷ്യവും (3:10-14) ദൈവീക ഉടമ്പടിയുടെ സാക്ഷ്യവും (ഗലാ.3:15-19) ഗലാത്യരുടെ അനുഭവങ്ങളും (3:1-5) അപ്പൊസ്തലൻ എഴുതിയിരിക്കുന്നു.

ഗലാത്യരുടെ അനുഭവങ്ങൾ വിമോചനശക്തിയുടെ കുറവുള്ളതും തിരിച്ചറിവിന്റെ അഭാവമുള്ളതും ആയിരുന്നു. അതുകൊണ്ട് അവർക്ക് ക്രിസ്തുവിന്റെ പരിജ്ഞാനം കുറവായിരുന്നു. അപ്പൊസ്തലൻ ആ സഭയിൽ സുവിശേഷവുമായി ചെന്നപ്പോൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയും ഉത്ഥാനാനന്തരം ഉണ്ടായ അനുഭവങ്ങളെയും എല്ലാം ഭാഗികമായി അവതരിപ്പിച്ചതാണ്. "ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെയല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണമെന്ന് ഞാൻ നിർണ്ണയിച്ചു, നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന് എന്റെ വചനവും എന്റെ പ്രസംഗവും കേട്ട് ജ്ഞാനത്തിന്റെ വശീകരണവാക്കുകളാലല്ല, ആത്മാവിന്റെയും ശക്തിയുടേയും പ്രദർശനത്താലത്രെ ആയിരുന്നത്" (1 കൊറി.2:2-5)

"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ച് അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു, കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി" (1 കൊറി.15:3).

ക്രൂശിതമരണം അവരെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും അടിമത്തത്തിൽ നിന്നും എന്നേക്കും വേർതിരിച്ചത് അവർ മറന്നുകൊണ്ട് "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട്, നിങ്ങൾ ഇത്രവേഗം വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു" (ഗലാ.1:6). ഒരാൾ ഒരു ദൈവപൈതലാണെങ്കിൽ ക്ഷുദ്രപ്രവത്തികളാൽ അയാളെ തകർക്കുവാൻ കഴിയുകയില്ല. വേറൊരു സുവിശേഷം ദൈവപൈതലിനെ തകർക്കുകയുമില്ല.

ഗലാ.3:2-ൽ നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

ത്തിന്റെ പ്രവൃത്തിയാലൊ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ എന്ന് അപ്പൊസ്തലൻ ചോദിക്കുന്നു. വിശ്വസിക്കുന്നവർക്കുള്ള ദൈവത്തിന്റെ ദാനമാണ് ആത്മാവ്. എഫേ.1:13,14 "അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയേക്കുറിച്ചുള്ള സുവിശേഷമെന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട് തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായി നമ്മുടെ അവകാശത്തിന്റെ അച്ചാരമായ **വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ** മുദ്രയിട്ടിരിക്കുന്നു".

ഒരു പ്രവൃത്തി ചെയ്താൽ ആത്മാവിനെ ലഭിക്കുകയില്ല. ആത്മാവ് ദൈവത്തിന്റെ ദാനമാണ്. സുവിശേഷം കേട്ടാൽ അതിൽ നിന്നും ആത്മാവ് പകരും. അപ്പൊ.പ്രവൃ.10:44 – "ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നെ വചനം കേട്ട എല്ലാവരുടേയും മേലും പരിശുദ്ധാത്മാവ് വന്നു". റോമ.10:14-17 "അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും ? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും ? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും ? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും ? "നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരമെന്ന് എഴുതിയിരിക്കുന്നവല്ലോ" (ഏശ.52:7). "കർത്താവെ ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചു" (ഏശ.53:1) എന്നും യേശയ്യാവ് പറയുന്നുവല്ലൊ. ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമ.10:17)

ഈ തിരുവെഴുത്തുകൾ സുവിശേഷത്തിന്റെയും സുവിശേഷത്തിന്റെ കേൾവിയുടേയും പ്രാധാന്യത്തെ എടുത്തുപറയുന്നുവല്ലൊ.

ക്രിസ്ത്യാനിത്വം എന്നത് പഴയനിയമകാലത്തെ ജീവിതത്തിന്റെ അഭ്യാസത്തിനപ്പുറം തുടക്കം മുതൽ ഒടുക്കം വരെയും പ്രകൃത്യാതീതമാണ്. ശരീരത്തിന്റെ ബലത്തിനും കലക്കും സാഹിത്യത്തിനും ബുദ്ധിക്കും അതീതമാണ്: അത് ആത്മാവിന്റെ ആളിക്കത്തലാണ്. അതിൽപ്പെട്ട ഗലാത്യർ നല്ല മാനസാന്തരത്തിലേക്ക് നല്ല ക്രിസ്തീയാദ്ധ്യാത്മികതയിലേയ്ക്ക് ആത്മീയമായി വന്നിട്ട് ചില ദുരുപദേശക്കാരുടെ കൂട്ടായ്മബന്ധം മൂലം ന്യായപ്രമാണപ്രവൃത്തികൾ കൂടെ അനുഭവിച്ചാലേ ശരിയാകൂ എന്ന് വിചാരിക്കുന്നു. ഗലാ.3:3,4-ലും ക്രിസ്തുവിൽ അവർ വിശ്വസിച്ചപ്പോൾ അവരുടെ ഹൃദയങ്ങളിൽ ആത്മാവ് പ്രവേശിച്ച കാര്യങ്ങൾ പറയുന്നു. മാത്രമല്ല, വിശ്വാസികളുടെ ജീവിതത്തിൽ ആത്മാവിന്റെ ശുദ്ധീകരണപ്രവൃത്തികളേക്കുറിച്ച് പറയുന്നു. 4-ഉം, 5-ഉം വാക്യങ്ങളിൽ യഹൂദരിൽ നിന്ന് ഒത്തിരി അനുഭവിച്ചശേഷം അവർ എന്തിന്, ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലേക്ക് മടങ്ങുന്നു എന്ന് ചോദിക്കുകയാണ്.

കൃപയുടെ സുവിശേഷം പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ





# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

മദ്യപാനികളും വേശ്യാവൃത്തി ചെയ്യുന്നവരും ആ ബന്ധങ്ങളിൽ നിന്നും മാനസാന്തരപ്പെട്ട് വിശുദ്ധരായിത്തീരുന്നു. കൊലപാതകന്മാരും കള്ളന്മാരും മാനസാന്തരപ്പെട്ട് വിശുദ്ധരായിത്തീരുന്നു. 6,9 വാക്യങ്ങളിൽ പ്രവൃത്തി കൂടാതെ, വിശ്വാസംമൂലം നീതീകരണം പ്രാപിച്ച അബ്രഹാമിനെ പൗലോസ് അപ്പൊസ്തലൻ ഹാജരാക്കുന്നു. മോശ വഴിയുള്ള ന്യായപ്രമാണം ലഭിക്കുന്നതിനുമുമ്പ് ജീവിച്ചു മരിച്ച് കടന്നുപോയിരുന്നു അബ്രഹാം. റോമാ ലേഖനം 4:9,10 – "ഈ ഭാഗ്യവർണ്ണന പരിച്ഛേദനയ്ക്കോ? അഗ്രചർമ്മത്തിനുകൂടെയോ? അബ്രഹാമിനു വിശ്വാസം നീതിയായി കണക്കിട്ടു എന്നല്ലയോ നാം പറയുന്നത്. എങ്ങനെ കണക്കിട്ടത്? പരിച്ഛേദനയിലോ ? അഗ്രചർമ്മത്തിലോ" ?

അതായത് ന്യായപ്രമാണ പ്രവൃത്തിയായപരിച്ഛേദനയേൽക്കുന്നതിന് മുമ്പു തന്നെ അബ്രഹാം നീതീകരിക്കപ്പെട്ടിരുന്നു. ഉല്പത്തി15:6 അനുസരിച്ച് "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു അതവന് നീതീയായി കണക്കിട്ടു. ക്രിസ്തുവിനെ അവൻ കണ്ടതും കേട്ടതുമില്ല. അവൻ ദൈവത്തിൽ വിശ്വസിച്ചു. ആ വിശ്വാസം ദൃഢമായിരുന്നു. ആ ദൈവം ത്രീയേകദൈവമാണ്. അത്രയും അപ്പോൾ അവൻ അറിഞ്ഞില്ല. പക്ഷെ, ദൈവത്തിൽ പുത്രനും പരിശുദ്ധാത്മാവും നിലീനമാണ്. അബ്രഹാം രക്ഷയുടെ അനുഭവത്തിലേക്ക് വന്നത് വിശ്വാസത്താലാണ് എന്നതുപോലെ എല്ലാവരുംരക്ഷിക്കപ്പെടുന്നത്വിശ്വാസത്താൽ തന്നെയാണ്. അവൻ ദൈവത്തെ പൂർണ്ണമായും കലവറ കൂടാതെ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. ആ വിശ്വാസത്താലാണവൻ മകനെ ബലിയർപ്പിക്കാൻ തയ്യാറാകുന്നത് (എബ്രാ.11:19). ആ പ്രവൃത്തിയാലല്ല, അവൻ അതിനു മുമ്പെ നീതീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ദൈവത്തിൽ (പിതാവും പുത്രനും പരിശുദ്ധാത്മാവും) വിശ്വസിക്കുന്ന ഏവനും അനുഗ്രഹിക്കപ്പെടും. അത് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലൊന്നുമല്ല.

നിങ്ങൾ അബ്രഹാമിന്റെ മക്കൾ ആയിരുന്നുവെങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നുവെന്ന് യോഹ.8:39-ൽ യേശു ക്രിസ്തു പറഞ്ഞുവല്ലോ. അത് വിശ്വസിക്കുക എന്ന പ്രവൃത്തി തന്നെയാണ്. രക്തത്തിൽ നിന്നുള്ള പുത്രത്വമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. വിശ്വാസത്തിൽ നിന്നുള്ള പുത്രത്വം ആണ്. അതാണ് ആത്മീയ പുത്രത്വം.

ഉല്പ.12:3-ൽ നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും "എന്ന ദൂത്" ദൈവം അബ്രഹാമിനെ അറിയിച്ചു. നിന്നിൽ എന്ന പദത്തിന്റെയുള്ളിൽ പരിശുദ്ധാത്മാവുദ്ദേശിക്കുന്നത് മശിഹായിൽ എന്നു കൂടിയാണ്. ന്യായപ്രമാണ തത്വങ്ങൾ ആചരിക്കപ്പെടാതെയും, യഹൂദന്മാരാകാതെയും, പരിച്ഛേദനയേൽക്കപ്പെടാതെയും നാം ജാതികളായിരിക്കെതന്നെ അനുഗ്രഹിക്കപ്പെടുന്നു. അതായത് വിശ്വസിക്കുന്നുവെങ്കിൽ, നാം ആരായിരുന്നാലും വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു. അബ്രഹാമിന്റെ മക്കൾ എന്നതിന്റെ ശരിയായ വ്യാഖ്യാനം അബ്രഹാമിനെപ്പോലെ ശക്തമായ ദൈവവിശ്വാസമുള്ളവർ എന്നാണ്.

അബ്രഹാമിനോട് വാഗ്ദത്തം പറഞ്ഞപ്പോൾ "നീ അങ്ങനെ ചെയ്താൽ ഞാൻ ഇങ്ങനെ ചെയ്യും" എന്ന വ്യവസ്ഥയൊന്നും ദൈവം ചെയ്തില്ല. അങ്ങനെയാണ് കൃപ. **കൃപ ഒരിക്കലും നമ്മിൽ നിന്ന് യാതൊന്നും ആവശ്യപ്പെടുന്നില്ല.** റോമ.3:24 അവന്റെ കൃപയാൽ ക്രിസ്തുയേശുവിലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. "കൃപയാലെങ്കിൽ അത് പ്രവൃത്തിയാലല്ല. അല്ലെങ്കിൽ കൃപ കൃപ അല്ല" (റോമ.11:6).

ശാപമെന്ന് പറയുന്നത് പാപത്തോടുള്ള ദൈവത്തിന്റെ പ്രതികരണമാണ്. ന്യായപ്രമാണം അറിയാത്തവൻ ശാപഗ്രസ്തൻ ആണെന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്. പരിച്ഛേദനയേറ്റ ഒരു അബ്രഹാമ്യ സന്തതിയും നരകശിക്ഷക്ക് ഇടയാകുകയില്ലെന്ന് യഹൂദർ വിശ്വസിക്കുമ്പോൾ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടാലാണ് നരകശിക്ഷ ഒഴിവാകുന്നതെന്ന് അപ്പൊസ്തലൻ പഠിപ്പിക്കുന്നു. സഭാംഗത്വം നേടുകയോ സ്നാനപ്പെടുകയോ ചെയ്താൽ പിന്നെയൊന്നും ഭയപ്പെടാനില്ല എന്ന ചിലരുടെ ധാര



# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

ണയെ അപ്പൊസ്തലൻ തകർത്ത് തരിപ്പണമാക്കുന്നു.

ന്യായപ്രമാണ കാലത്ത് ജീവിച്ചിരുന്ന പ്രവാചകനായ ഹബക്കൂക്കിന്റെ പുസ്തകത്തിലുള്ള കാര്യമാണ്. "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നത്. റോമ.1:17-ലും, ഗലാ.3:11-ലും ഹെബ്രാ.10:38-ലും പറഞ്ഞിരിക്കുന്നു നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന്. Habakukk.2:4- "Behold the proud, his soul is not upright in him, but the just shall live by his faith".

ഗലാ.3:12-ൽ ന്യായപ്രമാണത്തിന്റെ അടിസ്ഥാന പ്രമാണം വിശ്വാസമല്ല പ്രവൃത്തിയാണ് എന്ന് തെളിയിക്കുന്നു. 3:13-ൽ മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നു. (ആവ.21:22) ക്രൂശീകരണം ശാപഗ്രസ്തവും ലജ്ജാകരവും ആണ്.

എന്നാൽ പുതിയനിയമവ്യവസ്ഥ അനുസരിച്ച് 2 കൊരി.5:20,21-ൽ പറയുന്നതുപോലെ "ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്ന് ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അത് ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെയാകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപമാക്കി".

മോശയുടെ ന്യാപ്രമാണം പോലുള്ള പ്രവൃത്തിയാലുള്ള നീതീകരണത്തിന്റെ സ്വഭാവമാണ് മിക്ക മതങ്ങളിലുമുള്ളത്, 5 നേരം അങ്ങനെ നിസ്ക്കരിക്കുന്നതുകൊണ്ടും സക്കാത്ത് കൊടുക്കുന്നതു കൊണ്ടും കുളിച്ച് തൊഴുത് ചന്ദനച്ചാറ് പൂശി ഉത്സവം ആഘോഷിക്കുന്നതുകൊണ്ടും പൗരോഹിത്യ കർമ്മങ്ങൾക്ക് വിധേയപ്പെടുന്നതും ഒക്കെക്കൊണ്ടാണ് ജാതികൾ അനുഗ്രഹിക്കപ്പെടുന്നതെന്നാണ് ഒരു വെയ്പ്. അവരൊക്കെയും സുവിശേഷത്തിലേക്ക് വരുമ്പോൾ വിശ്വാസത്താൽ നീതീകരിക്കപ്പെടും. ന്യായപ്രമാണത്തിന്റെ എല്ലാ ശാപങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുകയാണ്, ക്രിസ്തുവിനാൽ.

എബ്രാ.2:17 അനുസരിച്ച് യേശുക്രിസ്തു സഹോദരന്മാരോട് സദൃശ്യനായി എന്നതും ഫിലി.2:7 അനുസരിച്ച് മനുഷ്യസാദൃശ്യത്തിലായി എന്നതും 2 കൊരി.5:21 അനുസരിച്ച് പാപം ഒന്നും ചെയ്യാതെ പാപമാക്കപ്പെട്ടുവെന്നതും ഗലാ.3:13 അനുസരിച്ച് ശാപമാക്കപ്പെട്ടു എന്നതുമെല്ലാം തന്നിൽ വിശ്വസിക്കുന്നവരുടെയെല്ലാവരുടേയും പാപ-ശാപ-പൈശാചികബന്ധനങ്ങളൊക്കെ അഴിച്ചുമാറ്റി സ്വാതന്ത്ര്യം നൽകുവാൻ തന്നെയായിരുന്നു.

ക്രിസ്തീയജീവിതം നയിക്കുവാൻ ക്രിസ്തുവിന്റെ ആത്മാവ് നമ്മെ കൃപാവരങ്ങൾ നൽകി സഹായിക്കും .അങ്ങനെ നാം ആത്മാവെന്ന വാഗ്ദത്തം വിശ്വാസത്താൽ പ്രാപിക്കും. അത് പ്രവൃത്തിയായല്ല വിശ്വാസത്താൽ തന്നെ പ്രാപിച്ചെടുക്കണം.

ന്യായപ്രമാണത്തിൽ നിന്നല്ല, ന്യായപ്രമാണത്തിന്റെ എല്ലാ ശാപങ്ങളിൽ നിന്നും ക്രിസ്തു നമ്മുടെ ആത്മാവിനെ രക്ഷിച്ചു. വിൽപത്രം മറ്റൊരാളാലും മാറ്റപ്പെടുവാൻ പാടില്ല. അത് എഴുതിയ ആളിന് അത് മാറ്റിയെടുക്കുകയോ കൂട്ടിച്ചേർക്കുകയോ ആകാം. ന്യായപ്രമാണത്തോട് പുതിയനിയമത്തിലെ ക്രിസ്തുവിന്റെ കൃപയാകുന്ന ആത്മശക്തിയെ കൂട്ടിച്ചേർത്തുകൊണ്ട് രക്ഷാചരിത്രം പൂർത്തിയാക്കുകയാണ്.

ഇസഹാക്ക് നമ്മുടെ കർത്താവായ യേശുവിന്റെ നിഴലാണ്. മരിച്ചുയിർത്ത ക്രിസ്തു മുഖാന്തരവും ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടുന്നു. അബ്രഹാമിന്റെ സന്തതി എന്നുദ്ദേശിക്കുന്നത് ഇസഹാക്കല്ല, ക്രിസ്തുവാണ്. ഇസഹാക്ക് നിഴലാണ് എന്ന് വീണ്ടും പറയട്ടെ.

വാഗ്ദത്തം ലഭിച്ച "സന്തതി" ക്രിസ്തുവാണ്. ക്രിസ്തുവന്റെ ആഗമനം വരെ ഒരു താൽക്കാലിക ഉടമ്പടി അഥവാ നിയമം (covenant) ആയി ന്യായപ്രമാണം നൽകി. ക്രിസ്തുവിന്റെ സ്നേഹത്തിൽ അധിഷ്ഠിതമായ കൃപാപ്രമാണമെന്ന പുതിയ നിയമം വന്നതോടെ പഴയത് പഴയതായി, നിഴലായി.

റോമ.3:9,19 വചനങ്ങളിലും




5:12 വചനത്തിലും നാം പാപത്തിന്റെ സാർവ്വലൗകികത കാണുന്നു. ഒരു കാരാഗൃഹത്തിലടച്ച കുറ്റവാളിയേപ്പോലെ അടച്ചുകളയുകയാണ് എല്ലാവരെയും ന്യായപ്രമാണ വ്യവസ്ഥ.

ന്യായപ്രമാണം നൽകപെട്ടതിന്റെ ഉദ്ദേശം കൃപയാൽ രക്ഷിക്കുന്ന ക്രിസ്തുവിലേക്ക് നടത്തുകയാണ്. ന്യായപ്രമാണം "നമുക്ക്" ശിശുപാലകനായി ഭവിച്ചു. റോമിലും ഗ്രീസിലുമൊക്കെ ബാല്യകാലത്ത് കുട്ടികളെ നോക്കാൻ ശിശുപാലകരെ ഏൽപ്പിച്ചിരുന്നു. ശ്രദ്ധാപൂർവ്വമായ ജോലി കൊണ്ട്, കുട്ടികൾ വളരുമ്പോൾ നല്ല ശീലങ്ങളും അറിവും കുഞ്ഞുങ്ങൾക്കുണ്ടാകാം. യജമാനന്റെ കുഞ്ഞിനെ വീട്ടിലെത്തിക്കുകയും സ്കൂളിലെത്തിക്കുകയും, വഴിയിൽ ആപത്തും അപകടവും കൂടാതെ നോക്കുകയും വേണം. എന്നാൽ പതിനാറ് വയസ്സോടെ ശിശുപാലകന്മാർ കുട്ടികളെ പൂർണ്ണ ഉത്തരവാദിത്തം കൊടുത്ത് പിന്മാറും. മോശയുടെ ന്യാപ്രമാണം ശിശുപാലകനാണ്. യഥാർത്ഥ രക്ഷിതാവ് ക്രിസ്തുവാണ്. ശിശുപാലകനാകുന്ന ന്യായപ്രമാണം ക്രിസ്തുവാകുന്ന രക്ഷിതാവിലേക്ക് നമ്മെ നയിക്കുന്നു. കൃപയുടെ സുവിശേഷത്തിലേക്ക് നമ്മെ കൊണ്ടു പോകുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്താലും ക്രിസ്തുവിന്റെ ആത്മാവിനാലും മാത്രമാണ് നാം നീതീകരിക്കപ്പെട്ടതെന്ന് ന്യായപ്രമാണം നമ്മെ ബോധ്യപ്പെടുത്തുന്നു.

പാപം, ശിക്ഷ, ശാപം എന്നീ വാക്കുകൾ കേട്ടുകേട്ട് മടുത്തവർ കൃപക്കുമേൽ കൃപ എന്ന വാക്കു കേട്ട് ആശ്വസിക്കാൻ പുതിയ നിയമം നമ്മെ സഹായിക്കുന്നു. "കൃപക്കുമേൽ കൃപയാലുള്ള സൗജന്യരക്ഷ. ക്രിസ്തുവിന്റെ പുതിയനിയമത്തിൽ ആവിഷ്ക്കരിക്കപ്പെട്ടതോടെ നാം ഇനി ശിശുപാലകന്റെ കീഴിലല്ല; പഴയനിയമസിദ്ധാന്തത്തിന്റെ ഭയപ്പെടുത്തുന്ന സ്റ്റൈലിലുള്ള സംവിധാനത്തിലുമല്ല. നാം ഇനി ദൈവമക്കളുടെ ഏറ്റവും ഉയർന്ന സ്ഥാനത്താണ്. ഇതു മനസ്സിലാക്കികൊടുക്കാത്ത നിരവധി

ശേഷം 14-ാം പേജിൽ



മൂത്തമകൻ കല്യാണം കഴിഞ്ഞിട്ട് 8 വർഷമായി കുഞ്ഞുങ്ങളില്ലാത്തതുകൊണ്ട് ഞങ്ങളുടെ കുടുംബത്തിൽ വളരെ വിഷമമായിരിക്കുകയായിരുന്നു. മകൾ ഡോക്ടറാണ്. അവർ വളരെ ചികിത്സകൾ ഒക്കെ ചെയ്തു. യാതൊന്നും ഫലിച്ചില്ല. 2012-ൽ ദേവസ്യാസാർ പരുത്തിപ്പാറ ഗ്രേസ്മിനിഹാളിൽ കൺവെൻഷനു വേണ്ടി വരുന്നതറിഞ്ഞ് ഞാനും പങ്കെടുത്തു. ഞാൻ സാറിനോട് മകന്റെ കാര്യം പറഞ്ഞു പ്രാർത്ഥിച്ചു. അതിനുശേഷം മകന്റെ ഭാര്യയും സാറിന്റെയടുക്കൽ പോയി പ്രാർത്ഥന മേടിച്ചു. സാർ പ്രാർത്ഥനക്കു ശേഷം പരിശുദ്ധാത്മാവിനാൽ ലഭിച്ച ബോധ്യത്താൽ പറഞ്ഞു. വിശ്വസിക്കുക. 8 മാസത്തിനുള്ളിൽ ഒരു കുഞ്ഞിനെ ഉദരത്തിൽ ലഭിക്കുമെന്ന്. അങ്ങനെതന്നെ ഞങ്ങൾ വിശ്വസിച്ചു. അതുപോലെ തന്നെ മാർച്ച് മാസം തന്നെ കുഞ്ഞിനെ ലഭിക്കുകയും ചെയ്തു. 2013 ഒക്ടോബർ 29-ന് കുഞ്ഞ് ജനിച്ചു. കുഞ്ഞിന്റെ പേര് ഡെറിക് തോമസ് ജോർജ്ജ്. അതുപോലെ തന്നെ എന്റെ ഇളയമകനും കുഞ്ഞുങ്ങളില്ലാതെയിരിക്കുകയായിരുന്നു. അവർക്കും സാറിന്റെ പ്രാർത്ഥനയാൽ കുഞ്ഞിനെ ലഭിക്കാനിടയായി. ഞങ്ങളുടെ ജീവിതത്തിൽ ഇത്രയേറെ അനുഗ്രഹം തന്ന കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. ആരാധിക്കുന്നു. മഹത്വപ്പെടുത്തുന്നു. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ച സാറിനു നന്ദി പറയുന്നു. ഇനിയും അത്ഭുതങ്ങളും അടയാളങ്ങളും നടത്തി ഇന്നും ജീവിക്കുന്ന കർത്താവായ യേശുവിന്റെ സത്യസുവിശേഷം അനേകരിലേക്ക് എത്തിക്കുവാൻ സാധിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.**അന്ന തോമസ്.**
**തിരുവനന്തപുരം. Ph:9633720693**




13-ാം പേജിൽ നിന്നും തുടർച്ച

യായ ശുശ്രൂഷകരുണ്ട്. അത്തരക്കാരുടെ ഉപദേശം ദുരുപദേശമാണ്. അവർ കൂടോത്ര-മന്ത്രവാദങ്ങളൊക്കെ ഭയപ്പെടുന്നു. പഴയനിയമ ഉപദേശങ്ങൾ ഇത്തരക്കാർ ജനത്തിന് മർമ്മഭേദകമായി ഘോരഘോരമായി പ്രസംഗിച്ച് കേൾപ്പിച്ച് ഭയപ്പെടുത്തി ജനത്തെ വിശുദ്ധ സുവിശേഷം പറയുന്ന സഭയിൽ പോകാതിരിക്കാനായി, പോയാൽ ശാപമാണ്, വണ്ടിയിടിക്കും, ക്യാൻസർ വരും എന്നെല്ലാം പേടിപ്പിച്ച് പറയുകയും ചെയ്തേക്കും.

സീനായിൽ ആരംഭിച്ച് കാൽവരിക്രൂശിൽ പൂർത്തീകരിച്ച രക്ഷാസന്ദേശം പഴയനിയമം ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും പഴയനിയമത്തിലെ ഭയപ്പെടുത്തുന്ന ശൈലി വിശ്വാസികളുടെ തലയിൽ കെട്ടിവക്കുന്നത് ദുരുപദേശമാണ്.

**നിഴലും പൊരുളും**

പുതിയനിയമമാകുന്ന പൊരുളിൽ പഴയനിയമമാകുന്ന നിഴൽ എങ്ങനെ യോജിച്ചിരിക്കുന്നുവെന്ന് ശ്രദ്ധവെച്ച് വായിച്ചവർക്ക് മനസ്സിലായി എന്ന് കരുതുന്നു. ഇനി പഴയനിയമമാകുന്ന നിഴൽ പഠിക്കുമ്പോൾ അതിൽ പൊരുൾ എങ്ങനെ വ്യാപരിക്കുന്നുവെന്ന് ഉല്പത്തിപുസ്തകത്തിലെ 1-ഉം 2—ഉം അദ്ധ്യായത്തിലെ ചില ഭാഗങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട് വ്യക്തമാക്കാൻ ശ്രമിക്കാം. ബൈബിളിലേക്കുള്ള പ്രവേശനകവാടമാണല്ലൊ ഉല്പത്തി. പ്രപഞ്ചോൽപ്പത്തിയേയും മനുഷ്യോൽപ്പത്തിയെയും പറ്റിയുള്ള പ്രധാനകാര്യങ്ങളോടൊപ്പം മനുഷ്യന്റെ വീഴ്ചയും വീണ്ടെടുപ്പിന്റെ പ്രവചനങ്ങളും ഉല്പത്തിയിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. ഉല്പത്തിപുസ്തകത്തോടും വെളിപാട് പുസ്തകത്തോടും സാത്താനും അവന്റെ ബന്ധുക്കൾക്കും നല്ല എതിർപ്പാണ്. മോശയാൽ രചിക്കപ്പെട്ട "ഉൽപ്പത്തി "പുസ്തകത്തെ യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഒക്കെ അംഗീകരിച്ചിരുന്നു.

വാക്യം 1. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. മലയാളത്തിലെ ദൈവം എന്ന വാക്കിന് എബ്രായഭാഷയിൽ "ഏലോഹിം" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതൊരു ബഹുവചനമാണ്. ദൈവീകത്രീത്വത്തെ "ഏലോഹിം" പ്രതിനിധീകരിക്കുന്നു. 104-ാം സങ്കീർത്തനം 24-ാം വാക്യം ഇങ്ങനെയാണ്. "യഹോവെ നിന്റെ പരവൃത്തികൾ എത്ര പെരുകിയിരിക്കുന്നു ! ജ്ഞാനത്തോടെ നീ അവയെയൊക്കെ ഉണ്ടാക്കിയിരിക്കുന്നു. ഭൂമി നിന്റെ സൃഷ്ടികളാൽ നിറഞ്ഞിരിക്കുന്നു". റോമ.11:33 -ൽ നാം ഇങ്ങനെ കാണുന്നു. ഹാ ! ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആര് ?

ഒരു യഥാർത്ഥ വിശ്വാസിയുടെ വിശ്വാസപ്രമാണം, ദൈവം സൃഷ്ടിച്ച സൃഷ്ടിപ്പിന്റെ വിവരണം നൽകുന്ന ഈ ഭാഗങ്ങൾ പഠിച്ച് അവ വിശ്വസിച്ച് സത്യദൈവത്തെ അവൻ ആരാധിക്കും. വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കം എന്തെന്നറിഞ്ഞും അതിൽ ആദ്യഗ്രന്ഥത്തിൽ പറയുന്നതറിഞ്ഞും വിശ്വാസിയുടെ അന്വേഷണം ആരാധനയുടെ സത്യമുഹൂർത്തത്തിൽ സത്യാത്മാവിനാലെത്തും.

സൃഷ്ടിയിൽ പിതാവിനോടൊപ്പം പുത്രൻ മുഖ്യ ശില്പിയായിരുന്നു. യോഹ.1:3-ൽ അവനെകൂടാതെ ഒന്നും ഉണ്ടായിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നു. കൊളോസ്യലേഖനം 1-ൽ 15,16,17 നോക്കാം. "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമാകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു".

സൃഷ്ടികർമ്മത്തിലും അതിന്റെ സംരക്ഷണത്തിലും ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് സഹകരിച്ചിരിക്കുന്നതുകൊണ്ടാണ് "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" എന്ന് 2-ാം വാക്യത്തിൽ വായിക്കുന്നത്.




അതായത്, തന്റെ ഭാവിപ്രവർത്തനകാലത്ത് പരിശുദ്ധാത്മാവ് ആലോചനാമഗ്നനായി പരിവർത്തിച്ചു. "വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി; വെളിച്ചം നല്ലതെന്ന് ദൈവം കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു" (ഉല്പ.1:3,4)

33-ാം സങ്കീർത്തനത്തിൽ 9-ാം വാക്യത്തിൽ പറയുന്നതുപോലെ "അവൻ അരുളിച്ചെയ്തു. അത് അങ്ങനെ സംഭവിച്ചു. അവൻ കല്പിച്ചു. അങ്ങനെ സ്ഥാപിതമായി".

നിരീശ്വരന്മാരോ വിശ്വാസത്യാഗികളോ സുവിശേഷവിരോധികളോ ചോദിച്ചേക്കാം, എവിടെ ? എങ്ങനെ ? ആര് എന്നൊക്കെ. എബ്രാ.11:3-ൽ അതിനൊക്കെ നേരായ മറുപടിയുണ്ട്. ഇക്കാണുന്ന ലോകത്തിന് ദൃശ്യമായതല്ല എന്ന് വരുമാറ്, ലോകം ദൈവത്തിന്റെ വചനത്താൽ സൃഷ്ടിക്കപ്പെട്ടുവെന്ന് നാം വിശ്വാസത്താലറിയുന്നു. ഇതാണല്ലൊ യുക്തിവാദികൾക്കും ഉള്ള മറുപടി. മനസ്സിലാക്കാൻ കഴിവു ലഭിച്ച പരിശുദ്ധാത്മപ്രവചനം കിട്ടിയ മനുഷ്യർ ഇത് സത്യമാണെന്ന് തിരിച്ചറിഞ്ഞുകൊള്ളും.

പ്രകാശത്തിന്റെ മഹാകേന്ദ്രമാണ് സൂര്യൻ, പ്രപഞ്ചത്തിന്റെ കേന്ദ്രവും സൂര്യൻ തന്നെ. ചെറിയ ഗോളങ്ങൾ അതിനെ ചുറ്റുന്നു. സൂര്യനിൽ നിന്ന് അവയ്ക്കും പ്രകാശം ലഭിക്കുന്നു. ചന്ദ്രനും സ്വയം പ്രകാശമില്ല. സൂര്യൻ ക്രിസ്തുവിന്റെ യുക്തമായ ഒരു നിഴലാണ്. ചന്ദ്രൻ സഭയെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ക്രിസ്തുവാകുന്ന സൂര്യനിൽ നിന്നും ലഭിക്കുന്ന വെളിച്ചത്തെ ചന്ദ്രനാകുന്ന സഭ സുവിശേഷം നൽകി ഇരുട്ടിൽ ( പാപം) ആണ്ട ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നു. സഭയിലൂടെയല്ലാതെ ക്രിസ്തുവിനേപ്പറ്റി ആർക്കും അറിയത്തില്ലല്ലോ. 2 കൊറി.3:23 "ഞങ്ങളുടെ ഹൃദയത്തിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ. ഞങ്ങളുടെ ശുശ്രൂഷയാൽ

ശേഷം 22-ാം പേജിൽ



എന്റെ പേര് റിനിഷ. ഞാൻ കോഴിക്കോട് ജില്ലയിൽ നന്മണ്ട എന്ന സ്ഥലത്ത് താമസിക്കുന്നു. യേശു എന്റെ ജീവിതത്തിൽ ചെയ്ത വലിയൊരത്ഭുതത്തെ ഞാനിവിടെ നിങ്ങളോട് പങ്കുവയ്ക്കട്ടെ. എനിക്ക് അടിവയറ്റിൽ ഭയങ്കരമായ വേദനയും, ശക്തമായ ബ്ലീഡിംഗും കാരണം ഒന്നും സംസാരിക്കുവാൻ പോലുമാവാതെ തളർന്നു പോയ ഒരുസാഹചര്യം ഉണ്ടാകയും പെട്ടെന്ന് അടുത്തുള്ള ഹോസ്പിറ്റലിൽ പോകുകയും അവിടെനിന്ന് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകണമെന്ന് ഡോക്ടർമാർ പറയുകയും ചെയ്തു. ആ സമയത്ത് ഞാൻ എന്റെ ഭർത്താവിനോട് പറഞ്ഞു എനിക്ക ഹോസ്പിറ്റലിൽ ഒന്നും പോകണ്ട. എന്റെ യേശുവിന്റെ അടുത്ത് പ്രാർത്ഥിച്ചാൽ മതി, എന്റെ അസുഖം മാറും. അങ്ങനെ ഭർത്താവ് ദേവസ്യാ മുല്ലക്കര സാറിനെ വിളിക്കുകയും സാർ ഫോൺ എന്റെ കയ്യിൽ തരാൻ പറയുകയും ചെയ്തു. അപ്പോൾ സാറിന്റെ പ്രാർത്ഥന കേൾക്കുവാൻപോലും പറ്റാൻ വയ്യാത്ത അവസ്ഥയായിരുന്നു എനിക്കുണ്ടായിരുന്നത്. എങ്കിലും ഫോൺ ഞാൻ ചെവിയോട് ചേർത്തുവച്ചുകൊണ്ടു കിടന്നു. അപ്പോൾ സാർ പ്രാർത്ഥിച്ചതിനുശേഷം പറഞ്ഞു മോൾ ഒന്നുകൊണ്ടും ഭയക്കണ്ട. ഒരു മണിക്കൂർ യേശുവിനെ ധ്യാനിച്ച് കണ്ണടച്ച് കിടക്കുക. ഒരു മണിക്കൂർ കഴിയുമ്പോൾ എല്ലാ അസുഖങ്ങളും മാറും എന്ന് പറഞ്ഞു. ഞാൻ അപ്രകാരം ചെയ്തു. ഒരു മണിക്കൂറിനു ശേഷം എനിക്ക് അത്ഭുതകരമായ മാറ്റം വന്നു. എന്റെ ഭയങ്കരമായ വേദനയും ക്ഷീണവും ബ്ലീഡിംഗും എല്ലാം കർത്താവ് എടുത്തുമാറ്റി. ഞാനിത് നിങ്ങളോട് പങ്കുവയ്ക്കുന്നത് യേശു പ്രാർത്ഥന കേൾക്കുന്ന ദൈവമാണെന്നും കർത്താവിൽ വിശ്വസിച്ചാൽ നമുക്ക് അവിടുത്തെ മഹത്വം ദർശിക്കുവാൻ സാധിക്കുമെന്നും എല്ലാവരും അറിയുന്നതിനുവേണ്ടിയാണ്. റിനിഷ. നന്മണ്ട. കോഴിക്കോട്. Ph:9846450310

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിജു**
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്
ഞായർ: 10.30 am to1pm (ആരാധന)
ബുധൻ (പ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
YMCA ഓഡിറ്റോറിയം
ഞായർ: 10 am to 1 pm
(ആരാധന)

## ആലപ്പുഴ ജില്ല



**പാ.രാധാകൃഷ്ണൻ**
Mob:8086425080
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി
ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)
**കായംകുളം** വൈ.എം.സി.എ ഗോൾഡൻ
ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm





**പാ:യേശുദാസ് പുളിക്കൽ &**
Ph:9446745148
**പാ. ബിജു**
Ph:9447116820
**മാവേലിക്കര**
പുതിയകാവ് YWCA ഓഡിറ്റോറിയം
ഞായർ: 2.30 pm 5.00 pm (ആരാധന)

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ,
ചിന്നക്കട, റെയിൽവെ
ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)
**കരുനാഗപ്പള്ളി**
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി**
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)
**ഭവന കൂട്ടായ്മകൾ: -**
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
രാമൻ കുളങ്ങര 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
പാലത്തറ 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കന്നേറ്റി പള്ളിമുക്ക് 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



**പാ. സോജൻഎബ്രഹാം**
Mob:9037705419
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ :10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ
ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ
കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm),
4-ാം ഞായർ (12.30 pm to 1 pm)
പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ,** ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
കാട്ടാക്കട, അംബികാ ഭവനം എല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
ആന്നാട്, 2-ാം ചൊവ്വ ബാബുഭവനം
10.30 am
ചന്തവിള 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ
ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
വലിയവിള, 2-ാംബുധൻ ജയചന്ദ്രൻ
ഭവനം 4.30 pm
കരമന, 3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം
5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം
ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം
സാവിത്രിഭവനം 10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം 4.30pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, പാറോട്ട്കോണം, 4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകം വർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെ പാലത്തിന് സമീപം,
കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Mob:09958328119

### DELHI

Plot No.20, Sevak Park,Near
Metro Pillar No.772,
Dwarka Mor metro station,
New Delhi-59

Sunday Worship 10 AM-1 PM (Malayalam &Hindi)
Mohan Garden Village, Near Uttam Nagar
Wed.: 6.30 PM-8.30 PM (Hindi)
SPG Complex, Dwaraka Sector-8
Thursday: 7.30 PM- 9.30 PM (Malayalam)
Palam Village, Satri Marg, Raj Nagar II
Friday: 5.30 PM- 7.30 PM (Hindi)
Every Second Saturday, Youth Meeting 10am-4pm

## MAHARASHTRA (Kamothe)



Pr. Yohannan Daniel
Ph: 9447192773
9747244773

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

## GUJARAT





Mrs. & Mr.
Samachen
(Pastor)
Mob:
09737930414
09904422339, 08460985339
Sunday Worship 10 am- 1 pm

## CHENNAI





Mrs. & Mr. Mathew K. Zachariah(Pastor)
Ph: 09916315981
Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

## Coimbatore (Pothannur)





Mrs. & Mr.
Wilson (Pastor)
Ph:
09585290142

M.G.Community Hall, Opp. Railway
Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

# FELLOWSHIPS IN ABROAD

## AMERICA

**Newyork**
**(Hicksville)**
**Every Fridays**
**4pm -7pm**
**For your PrayerRequest**
**Ph.: 001 5166432037**

## CANADA



**908-1585**
**Ernest Ave**
Pr. Dollet Zacharia
Ph: 0012262241417

## UAE Sharja



Friday
10 am to
12.30 noon
Praise and
Worship
Pr.Jiji
Ph:00971503631158

## QATAR



Regional Church
Complex
Tuesday 8 pm to
9.30 pm
Prayer Meeting
Ph:00974
30693987
Pr.Alwin

## YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

## BAHRAIN.

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every
Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

## KUWAIT



Pr. Sojan
Zacharias
Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

## SALMIYA

Pr. Sabu Francis
Ph: 00965 97711267



**Friday**
**9 am to 12 noon**

**Caesar's Travel &**
**Tourism Basement**

Dr. Viji
Ph:0096566394954



**English worship**
**(Friday)**
**6.30 pm to 9 pm**

**Indian**
**PublicSchool**

## ABBASSIYA





Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm



## MANGAF

Pr.Roy
Ph:00965
65929880
**Friday**
**9 am to 12 noon**

Pr.Tomy Mannoor



Ph:00965
96035928

## MAHBULA

**Saturday**
**7 pm to 9 pm**





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

## FORWANIA

**Friday 7 Pm to9 PM**



എന്റെ പേര് സുധാകരൻ. ഭാര്യയുടെ പേര് മോളി. വിവാഹം കഴിഞ്ഞിട്ട് 5 വർഷങ്ങളായിട്ടും കുഞ്ഞുങ്ങളില്ലാതെയിരിക്കുകയായിരുന്നു. അങ്ങനെയിരിക്കുമ്പോൾ 2005 ഫെബ്രുവരി മാസം ചെറുപുഴ ഗത്സെമൻ ധ്യാനകേന്ദ്രത്തിൽ വെച്ച് ഒരു ഏകദിന ധ്യാനം കൂടുകയും അവിടെവച്ച് ദേവസ്യാ മുല്ലക്കര സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെപ്റ്റംബർ മാസം കുട്ടിയെ ലഭിക്കുമെന്ന് പറയുകയും ചെയ്തു. അതേ മാസം തന്നെ ഭാര്യ ഗർഭിണിയായി. ഞങ്ങൾക്ക് സ്കാനിംഗിലൂടെ 2 കുട്ടികൾ ഉദരത്തിൽ ഉണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. 9 മാസത്തിനു ശേഷം മെയ് 27-ന് യാതൊരു കുഴപ്പവുമില്ലാതെ കുഞ്ഞുങ്ങളെ ലഭിക്കുകയും ചെയ്തു. അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെ ഇനിയും ദൈവം ധാരാളമായി അനുഗ്രഹിച്ചുയർത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. **സുധാകരൻ & മോളി. ആവിക്കര. കാഞ്ഞങ്ങാട്.Ph:9605603473**

**Cheque And Drafts**
**ചെക്കുകളും ഡ്രാഫ്റ്റുകളും അയക്കേണ്ട വിലാസം:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O, പുളിങ്ങോം
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.
Ph: 04985-213999
e-mail: ekmoffice@gmail.com

Helping Bridge

Helping Bridge

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.




15-ാം പേജിൽ നിന്നും തുടർച്ച

ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ".

ഒന്നാമത്തെ ആദാമിന്റെ കാന്തയാണ് ഹവ്വായെങ്കിൽ ഒടുവിലത്തെ ആദാമായ യേശുവിന്റെ കാന്തയാണ് സഭ. ആദത്തിന്റ വാരിയെല്ലിൽ ദൈവം ഹവ്വയെ കണ്ടിരുന്ന പോലെ കർത്താവായ യേശുവിൽ സഭയെയും കണ്ടിരുന്നു. എഫേസോസ് 1 ന്റെ 4-ാം വാക്യം മുതൽ "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനുമുമ്പേ നമ്മെ അവനിൽ തിരെഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുൻ നിയമിക്കുകയും ചെയ്തു.

ഇന്ന് നാം കാണുന്ന പുതിയനിയമസഭയിലെ ഒരാൾ പോലും ഉണ്ടാകുന്നതിനുമുമ്പ് ആദത്തിന്റെ വാരിയെല്ലിൽ ഹവ്വ മറഞ്ഞിരുന്ന പോലെ, ദൈവത്തിന്റെ ശാശ്വതമനസ്സിൽ സഭയെ മുഴുവനും കണ്ടിരുന്നു. മാത്രമല്ല തന്റെ പുത്രന്റെ രൂപത്തോട് അനുരൂപപ്പെടുവാൻ മുൻ നിയമിക്കപ്പെട്ടുമിരുന്നു.

ഇപ്രകാരം പഴയനിയമത്തിൽ പുതിയനിയമം നിഗൂഹനം ചെയ്തിട്ടുണ്ട്. ക്രിസ്തു മിക്ക ബൈബിൾ പഴയനിയമബുക്കിലും ഇതൾ വിരിച്ചിരിക്കുന്നു. വീണ്ടെടുപ്പിന്റെ വിവധ ഘട്ടങ്ങൾ പഴയനിയമത്തിലുടനീളം ചർച്ച ചെയ്തുമിരിക്കുന്നു.

സഭയെന്ന മർമ്മം പഴയനിയമത്തിൽ ഇതൾ വിടർത്തിയിട്ടില്ല.


## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

PRAYER Requests

*ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O, പുളിങ്ങോം,
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.
04985–213999

*എറണാകുളം അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം വെസ്റ്റ് റോഡ്
ചെമ്പുമുക്ക്, കൊച്ചി–682 030.
കേരള, സൗത്ത് ഇന്ത്യ.
0484–4033178

പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക
ദേവസ്യാ മുല്ലക്കര സാർ
സമയം: രാവിലെ 7 മുതൽ 9 വരെ
9388371777
9946635111
(Time 7 am- 9am)

പ്രാർത്ഥനാ സഹായങ്ങൾക്ക് 9495932106, 9447715159

e-mail: ekmoffice@gmail.com
our official website: www.churchofeternity.org




എങ്കിലും കണ്ടെത്താൻ പറ്റും. എഫേസ്യലേഖനം 3-ൽ 1 മുതൽ 11 വരെ വാക്യങ്ങളിലാണ് സഭയെന്ന മർമ്മം ആത്മാവിൽ വെളിപ്പെടുത്തപ്പെട്ടത്. ആ മർമ്മം ഇപ്പോൾ തന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടു.

**ന്യായപ്രമാണത്തിലെ കൃപയും പുതിയനിയമത്തിലെ വമ്പിച്ച കൃപാദാനവും നാം വേർതിരിച്ചറിയണം.**

പഴയനിയമത്തിലെ ആദം ലംഘനം ചെയ്ത് പറുദീസയിൽ നിന്ന് പുറത്താവുകയാണുണ്ടായതെങ്കിൽ ഒടുവിലത്തെ ആദാമായ യേശുക്രിസ്തു കൃപയുടെ യഥാർത്ഥ ഉടമസ്ഥനായി കൃപക്കുമേൽ കൃപ വാരിക്കോരി ചൊരിയുകയായിരുന്നു. "ഏകന്റെ ലംഘനത്താൽ (ആദാമിന്റെ) മരണം ആ ഏകൻ നിമിത്തം വാണു. എങ്കിൽ കൃപയുടേയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും. അങ്ങനെ ഏകലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും. എന്നാൽ ലംഘനം പെരുകേണ്ടതിന് ന്യായപ്രമാണവും ഇടയിൽ ചേർന്നു വന്നു; എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിനു തന്നെ" (റോമ.5:17-21).

ഈ തിരുവചനങ്ങളിലൂടെ പഴയനിയമത്തിലൂടെ സംഭവിച്ച ദൈവനീതിയുടെ വ്യവസ്ഥയും, യേശുക്രിസ്തുവിലൂടെ വാരിക്കോരിച്ചൊരിഞ്ഞ ദൈവസ്നേഹത്തിന്റെ വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം നാം തിരിച്ചറിയുകയാണ്. യേശുക്രിസ്തു മുഖാന്തരം ദൈവകൃപ സമൃദ്ധമായി ചൊരിയപ്പെട്ടു.

**എന്താണ് കൃപ**

പാപം നിമിത്തമാണ് മാനവകുലം ദൈവത്തിൽ നിന്ന് വളരെ കൂടുതൽ അകന്നു പോയത്. പാപം കണക്കിടാതെയും ശിക്ഷ അവരുടെമേൽ നൽകാതെയും, രക്ഷയും നിത്യതയും സ്വീകരിക്കുവാൻ വേണ്ടിയുള്ള രക്ഷണ്യസ്നേഹമാണ് ദൈവകൃപ.

കൃപയിൽ ദൈവസ്നേഹവും ദൈവശക്തിയും ഒരുമിച്ച് വ്യാപരിക്കുന്നുണ്ട്. ന്യായപ്രമാണത്തിൽ കർമ്മസിദ്ധാന്തമാണ് കൂടുതൽ നിഴലിക്കുന്നത്. കർമ്മങ്ങൾ എന്നു പറയുന്നത്, മനുഷ്യന് ദൈവത്തിന്റെ അടുക്കൽ എത്തുവാനുള്ള അദ്ധ്വാനമാണെന്ന് പറയാം. കൃപയാകട്ടെ ദൈവം പാപിയായ മനുഷ്യന്റെ സമീപവും മനുഷ്യന്റെയുള്ളിലും എത്തുവാനുള്ള ചാലാണ്. ഒരു ബൈബിൾ സന്ദർഭം എഴുതാം. "രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ട് തന്നോടുതന്നെ; ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനേപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ട് വട്ടം ഉപവസിക്കുന്നു. നേടുന്നതിലൊക്കെയും പതാരം കൊടുത്തുവരുന്നു. എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ട് സ്വർഗ്ഗത്തിലേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ പാപിയായ എന്നോടു കരുണയുണ്ടാകണമെ എന്നു പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മറ്റവൻ അങ്ങനെയല്ല" (ലൂക്ക.18:10-14) ഇവിടെ പരീശൻ തിരെഞ്ഞെടുത്തത് പ്രവൃത്തിയാലുള്ള രക്ഷാനുഭവം ആണെങ്കിൽ ആർദ്രമായ ഹൃദയഗതിയോടെ കൃപയാലുള്ള രക്ഷാനുഭവത്തെ ചുങ്കക്കാരൻ ആശ്രയിക്കുകയാണ്.

യോഹന്നാൻ 1:17 വീണ്ടും ആവർത്തിക്കട്ടെ. "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു: കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു". മോശെ കർമ്മങ്ങളെ ഉയർത്തിപ്പിടിക്കുന്ന ന്യായപ്രമാണത്തിന്റെ മദ്ധ്യസ്ഥൻ ആണെന്ന് പറയാം. ആ കാലത്തിലെ ദൈവവചനവ്യവസ്ഥയും അതു തന്നെ ആയിരുന്നു.




എന്നാൽ പുതിയ നിയമ ദൈവവചനവ്യവസ്ഥ അനുസരിച്ച് കൃപാപ്രമാണത്തിന്റെ മദ്ധ്യസ്ഥൻ ആണ് യേശുക്രിസ്തു. പുതിയനിയമത്തിൽ റോമ.6:14-ൽ പറയുന്നു: **"നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ."**

യാതൊരു സംശയവും വേണ്ട. നാം ന്യായപ്രമാണത്തിന് അധീനരല്ല. പത്ത് പ്രമാണങ്ങൾ പാലിക്കണ്ട എന്നല്ല അർത്ഥം. പാലിക്കണം. മോശ വഴി ന്യായപ്രമാണം നൽകിയ യഹോവയെ ആരാധിക്കണ്ട എന്നല്ല അർത്ഥം, ആരാധിക്കണം, ആരാധിച്ചേ പറ്റു. ഈ പ്രപഞ്ചത്തിലുള്ള മറ്റ് എന്തിനേക്കാളും മറ്റാരേക്കാളും യഹോവയുടെ ആ കാലഘട്ടത്തിലെ സ്നേഹത്തിന്റെ അത്യുദാരമായ അവസ്ഥയേക്കാളും അതിമഹത്തായ ഒന്നാണ് **"യഹോവ തന്നെയായ ക്രിസ്തുവിന്റെ"** (യോഹ.10:30) കൃപ. അഥവാ, ത്രീയേകദൈവത്തിന്റെ വ്യവസ്ഥ അനുസരിച്ച് യേശുക്രിസ്തുവിൽ സമർപ്പിക്കുന്നവർക്ക് അനുഗ്രഹങ്ങൾ കൃപയുടെ തുടർച്ചയായ പ്രവാഹത്തിലൂടെ ലഭിക്കുന്നു.

വലിയ പാപിനിയായ ഒരു സ്ത്രീയോട് യോഹ.8:11-ൽ യേശുക്രിസ്തു പറഞ്ഞത് "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോകുക. ഇനി പാപം ചെയ്യരുത് " എന്നാണ്. നേർച്ചകാഴ്ചകളോ മാനസാന്തരത്തിന്റെ എന്റെ പിഴ ഇടികളോ ഒന്നും ഇല്ലാതെ-ക്രിസ്തുവിന്റെ സ്നേഹം പാപമോചനമായി ആ സ്ത്രീയിലേക്ക് വഴിഞ്ഞൊഴുകി. പഴയനിയമ-ന്യായപ്രമാണ വ്യവസ്ഥ അനുസരിച്ച് അവളെ കല്ലെറിഞ്ഞുകൊല്ലണമായിരുന്നു. അതനുസരിച്ചാണ് ആ പരീശർ അവളെ കല്ലുമായി അനുധാവനം ചെയ്തത്.

നമ്മൾ അല്പം മുമ്പ് നീതീകരിക്കപ്പെട്ട ചുങ്കക്കാരനെ വായിച്ചറിഞ്ഞല്ലോ ലൂക്കോസ് 18-ൽ. ഇനി ലൂക്കോസ് 23-ൽ 39-42 വരെ തിരുവചനങ്ങളിൽ കർത്താവായ യേശുവിന്റെ ഇരുവശങ്ങളിലും രണ്ട് കള്ളന്മാരെ ക്രൂശിച്ച സംഭവം നാം കാണുന്നുവല്ലോ. അതിൽ അനുതപിച്ച കള്ളനോട് യേശു ഇങ്ങനെ പറഞ്ഞു "ഇന്നു നീ എന്നോട് കൂടി പറുദീസയിൽ ഇരിയ്ക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" (ലൂക്ക.23:43). ആ കള്ളന് സ്വർഗ്ഗരാജ്യം കൊടുത്തതിന് തുല്യമായി സംസാരിച്ച യേശുവിലൂടെ വഴിഞ്ഞൊഴുകിയതാണ് കൃപ.

ന്യായപ്രമാണകാലത്തല്ല നാം ഈ കൃപ കാണുന്നത്. ഈ പുതിയനിയമ കൃപായുഗകാലത്താണ്. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്" എന്ന് എഫേസ്യലേഖനം 2-ന്റെ 8-ൽ പറഞ്ഞിരിക്കുന്നുവല്ലോ. വിശ്വാസത്താലാണ് നീതീകരണമെങ്കിൽ, കൃപയാലാണ് വിശ്വാസവും നീതീകരണവും എല്ലാം. ചെയ്യണമെന്നും, ചെയ്യരുതന്നുമുള്ള വിലക്കുകളുടേയും ആജ്ഞകളുടേയും സ്വഭാവമാണ് ന്യായപ്രമാണത്തിലുള്ളതെങ്കിൽ ദൈവവചനം അനുസരിക്കാത്തവർക്ക് അനേകവിധത്തിലുള്ള ശാപങ്ങളും, ശിക്ഷകളുമാണ് ആവർത്തനപുസ്തകത്തിൽ ആവർത്തിച്ച് പറയുന്നതെങ്കിൽ പുതിയനിയമമനുസരിച്ച് മാനസാന്തരത്തിലേക്ക് വന്ന്, ഹൃദയപരമായ യഥാർത്ഥ വിശ്വാസത്തിലേക്ക് വരുന്ന ഒരാൾക്ക്, ആ കള്ളനും വേശ്യാസ്ത്രീക്കും ലഭിച്ചതുപോലെ, സ്വർഗ്ഗം ഉൾപ്പെടെയുള്ള അതിശക്തമായ അനുഗ്രഹമാണ് ലഭ്യമാകുന്നത്. അതാണ് കൃപയുടെ സവിശേഷത. അത് തന്നെയാണ് ന്യാപ്രമാണ വ്യവസ്ഥയും പുതിയനിയമ വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം.

ദൈവശാസ്ത്ര പണ്ഡിതന്മാരിൽ എത്ര പേർ ഈ കൃപാവ്യവസ്ഥ അനുസരിച്ച് എഴുതുന്നു, പഠിപ്പിക്കുന്നു ? വൈദികർ പാസ്റ്റർമാർ ഇവരിൽ എത്ര പേർ ഈ വ്യത്യാസം തിരിച്ചറിഞ്ഞ് പഠിപ്പിക്കുന്നു, പ്രസംഗിക്കുന്നു, പ്രാർത്ഥിക്കുന്നു, പാടുന്നു ? 700-800 കോടി ജനങ്ങളിൽ എത്രപേർ ഈ ക്രിസ്തുവിന്റെ കൃപാസ്നേഹത്തിന്റെ ആഴങ്ങൾ അറിഞ്ഞ് ആരാധനയിലധിഷ്ഠിതമായ ജീവിതം നയിക്കുന്നു ? ഭയത്തോടെയും, വിറയലോടെയും, ന്യായീകരണങ്ങളിലൂടെയും ആണോ നാം ദൈവത്തെ കാണുന്നത്, അതോ ആ ചുങ്കക്കാരനേപ്പോലെയും പറുദീസയിൽ പോകാൻ യോഗ്യത നേടിയ കള്ളനേപ്പോലെയും ആണോ ?

പുതിയനിയമ-

ശേഷം 26-ാം പേജിൽ



എന്റെ പേര് പ്രമീള. ഞാൻ തിരുവനന്തപുരം സ്വദേശിനിയാണ്. ഞാൻ നീലേശ്വരത്ത് നേഴ്സ് ആയി ജോലിനോക്കുന്നതിനാൽ അവിടെ ത്തന്നെയാണ് താമസിക്കുന്നത്. ഇന്നും ജീവിക്കുന്ന യേശു എന്റെ ജീവിതത്തിൽ ചെയ്ത വലിയ ഒരു കാര്യമാണ് ഞാനിവിടെ എഴുതുന്നത്. എനിക്ക് 2013-ലാണ് വയറിനകത്ത് ഒരു അസ്വസ്ഥത തോന്നുകയും ഹോസ്പിറ്റലിൽ കാണിക്കുകയും ചെയ്തത്. സ്കാൻ ചെയ്തപ്പോൾ ചെറിയ ഒരു ഫൈബ്രോയ്ഡ് ഉണ്ടെന്നും അത് സാരമുള്ളതല്ല എന്നും പറയുകയുണ്ടായി. കുറച്ചുനാൾ കുഴപ്പമില്ലാതെ പോകയും വീണ്ടും 2014-ൽ ഭയങ്കരമായ അസ്വസ്ഥതയുണ്ടാകുകയും ചെയ്തു. വീണ്ടും ഹോസ്പിറ്റലിൽ കാണിക്കുകയും ഡോക്ടർമാർ സ്കാൻ ചെയ്യുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു ഇത് വലിയ ഒരു മുഴയാണെന്നും ഏകദേശം നാലു മാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ വലിപ്പമുണ്ടെന്നും ഉടനെ ഓപ്പറേഷൻ ചെയ്യണമെന്നും അല്ലെങ്കിൽ ക്യാൻസർ ആകാൻ സാധ്യതയുണ്ടെന്നും പറഞ്ഞു. അങ്ങനെ ഓപ്പറേഷനുവേണ്ടി എന്നെ അവിടെ അഡ്മിറ്റാക്കി. എനിക്ക് ഷുഗറിന്റെ പ്രശ്നങ്ങളുമുണ്ടായിരുന്നതിനാൽ ഷുഗർ കൺട്രോൾ ആയതിനുശേഷം ഓപ്പറേഷൻ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഞാൻ ആത്മാഭിഷേകം പ്രാർത്ഥനാകൂട്ടായ്മയിൽ പോയിരുന്നതുകൊണ്ട് ഇന്നും ജീവിക്കുന്ന ഒരു ദൈവമുണ്ടെന്നും നമ്മുടെ ഏതു കാര്യത്തിനും അവൻ മതിയായവനനാണെന്നുമുള്ള ഒരു ഉത്തമ ബോധ്യം എനിക്കുണ്ടായിരുന്നു. ഞാൻ കർത്താവിൽ വിശ്വസിച്ചു. അങ്ങനെ ഞാൻ കൃപാവരങ്ങൾ ഉപയോഗിച്ചുള്ള പ്രാർത്ഥനയിൽ അനേകം മക്കളെ മാനസാന്തരത്തിലേക്കും കർത്താവിന്റെ അത്ഭുതവിടുതലിലേക്കും നയിക്കുന്ന ദേവസ്യാ മുല്ലക്കരസാറിനെ ഫോൺ വിളിക്കുകയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും അതിനുശേഷം കർത്താവ് കൊടുത്ത ബോധ്യത്താൽ എന്നോട് സൗഖ്യമായി എന്ന് പറയുകയും ഞാൻ അത് ഏറ്റെടുക്കുകയും ചെയ്തു. പിറ്റേന്ന് ഡോക്ടർമാർ വന്ന് എന്നെ സ്കാനിംഗിന് വിധേയമാക്കി. അപ്പോഴാണ് ദൈവം ചെയ്ത ആ വലിയ അത്ഭുതത്തെ മനസ്സിലായത്. ഡോക്ടേഴ്സ് പറഞ്ഞു ഫൈബ്രോയ്ഡ് വളരെ ചെറുതായിരിക്കുന്നു. ഇനി ഒരു ഓപ്പറേഷന്റെയും ആവശ്യമില്ല എന്ന്. ഞാൻ കർത്താവിൽ ഉറച്ചു വിശ്വസിച്ചു. ഇപ്പോൾ എനിക്ക് പൂർണ്ണസൗഖ്യം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്രമാത്രം എന്നെ അനുഗ്രഹിച്ച് മാനിച്ചുയർത്തിയ കർത്താവിനെ ഞാൻ എങ്ങനെ ആരാധിക്കാതിരിക്കും. എനിക്കു വേണ്ടി പ്രാർത്ഥിച്ച ദേവസ്യാ സാറിനെയും ടീമിനെയും കർത്താവ് ഇനിയുമിനിയും അനേകരെ രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടു വരുവാൻ കൃപ ഉപയോഗിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പ്രമീള. തിരുവനന്തപുരം (നീലേശ്വരം)**

**Ph:9446207937**






24-ാം പേജിൽ നിന്നും തുടർച്ച

കൃപാസ്നേഹവ്യവസ്ഥയനുസരിച്ച് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്മാനസാന്തരത്തിന്റെയും, വീണ്ടും ജനനത്തിന്റെയും അതിശക്തമായ വിശ്വാസത്തിന്റെയും, പരിശുദ്ധാത്മനിറവിന്റെയും ഒരാത്മവത്തയാണ്!

ന്യായപ്രമാണം പാപത്തെയാണ് വെളിപ്പെടുത്തുന്നതെങ്കിൽ (റോമ.3:20) തീത്തോസ് 2:11 അനുസരിച്ച് "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചതാണ് ക്രിസ്തു".

ദൈവാത്മാവിന്റെ നിറവിനാൽ, ആത്മാവായ ക്രിസ്തു നമ്മുടെയുള്ളിൽ വസിക്കുമ്പോൾ (1 കൊറി.15:45) നമ്മെ ദേവാലയം ആക്കി (1 കൊറി.3:16) നമ്മുടെ ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിനെ (പിതാവും പരിശുദ്ധാത്മാവും ക്രിസ്തുവിലുണ്ട്) നമ്മുടെ ആത്മാവുകൊണ്ടും ക്രിസ്തു പഠിപ്പിച്ച സത്യം കൊണ്ടും (ക്രിസ്തുവിന്റെ ആത്മാവായ പരിശുദ്ധാത്മാവ് നമ്മിൽ നിറഞ്ഞ് നിൽക്കുന്ന അനുഭവത്തെയാണ് ആത്മാവിലാരാധനയെന്ന് പറയുന്നതിന്റെ പ്രധാന ഭാഗം) ആരാധിക്കുക, സ്നേഹിക്കുക എന്നതാണ് കൃപാജീവിതസ്വഭാവം.

## ബൈബിൾ വ്യാഖ്യാതാവ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പഴയനിയമഗ്രന്ഥങ്ങളും ദൈവശാസീയമായ ദൈവവചനങ്ങൾ തന്നെ, പുതിയനിയമഗ്രന്ഥങ്ങളിലെ ദൈവവചനങ്ങളും ദൈവശാസീയം തന്നെ. ആദ്യത്തേത്, നമ്മുടെ രക്ഷകനായ ക്രിസ്തുവിനുമുമ്പ് അനാവരണം ചെയ്യപ്പെട്ട (B.C) രക്ഷാവിവരണം. രണ്ടാമത്തേത് ക്രിസ്തുവിനോടും സഭായുഗത്തോടും ബന്ധപ്പെട്ട രക്ഷാവിവരണം. ബൈബിൾ ഉപയോഗിച്ച് രക്ഷയെ ആവിഷ്ക്കരിക്കുന്ന ശുശ്രൂഷകരും വായനക്കാരും ഇവ തമ്മിലുള്ള ഈ വ്യത്യാസം സംശയമില്ലാതെ തിരിച്ചറിഞ്ഞിരിക്കണം.

ഈ സത്യം ബൈബിളിലെ ഒരൊറ്റവാക്യം കൊണ്ട് ദൈവാത്മാവ് വെളിപ്പെടുത്തിയിരിക്കുന്ന തിരുവചനം രേഖപ്പെടുത്താം. "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു" (എബ്രാ.1:1). ദൈവീകവെളിപാടുകൾ പഴയനിയമത്തിലൂടെ പ്രവാചകന്മാർ മുഖാന്തരം ഭാഗം ഭാഗമായിട്ട് തന്നെയാണ് നൽകിയത്. പക്ഷെ വചനം ഏതു കാലത്തും വചനം തന്നെ. "ഞാൻ അവന്റെ അധരങ്ങളുടെ കല്പന വിട്ട് പിന്മാറിയിട്ടില്ല; അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തേക്കാൾ സൂക്ഷിച്ചിരിക്കുന്നു" (ഇയ്യോബ് 23:12) "യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു. അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേൻകട്ടയിലും ആഗ്രഹിക്കത്തക്കവ; തേനിലും തേൻകട്ടയിലും മധുരമുള്ളവ" (സങ്കീ.19:9-10).

ന്യായപ്രമാണഗ്രന്ഥങ്ങളുടേയും പുതിയനിയമഗ്രന്ഥങ്ങളുടേയും വ്യാഖ്യാനം നടത്തുമ്പോൾ ഒന്നിനെ ദൈവവചനമല്ലെന്ന് വരുത്തിത്തീർക്കാൻ പിശാച് അവന്റെ എക്കാലത്തെയും കെണികൾ വെയ്ക്കും; അത് തിരിച്ചറിഞ്ഞാൽ മതി. പഴയനിയമത്തെ ഒരു കൂട്ടർ അനാവശ്യമെന്ന് തള്ളിക്കളയുവാൻ ശ്രമിച്ചേക്കും. വേറൊരു കൂട്ടർ പഴയനിയമത്തെ ആവർത്തിച്ചുറപ്പിക്കാൻ ശ്രമിക്കുമ്പോൾ പുതിയനിയമ യാഥാർത്ഥ്യങ്ങൾക്ക് മങ്ങൽ വന്നേക്കാം. എന്നാൽ ക്രിസ്തു വന്നതോടുകൂടി, ക്രിസ്തു തന്നെയും ന്യായപ്രമാണകല്പനകൾ പൂർണ്ണമായും പാലിച്ചതുകൊണ്ട് ക്രിസ്തുവിനെ നാം അനുഗമിക്കണമെന്നതാണ് അത്യാവശ്യമായിരിക്കുന്നത് എന്ന് വീണ്ടും വീണ്ടും എഴുതട്ടെ.

എഴുതപ്പെട്ട ദൈവവചനമായ വിശുദ്ധ വേദപുസ്തകം ഒരു വലിയ സാഗരമാണ്. ആ സാഗരത്തിലൂടെയുള്ള ഒരു സാഹസികയാത്രയാണ് ബൈബിൾ പഠനം. നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം ! ഇടവിടാതെ അത് എന്റെ ധ്യാനമാകുന്നു. തിരുവചനം എന്റെ അണ്ണാക്കിന് എത്ര മധുരം ! അവ എന്റെ വായ്ക്ക് തേനിലും മധുരം. ഞാൻ നിന്റെ സാക്ഷ്യങ്ങളെ ശാശ്വതാവകാശമാക്കിയിരിക്കുന്നു. അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു (സങ്കീ.119:72, 97, 103, 111)

എന്നാൽ പുതിയനിയമത്തിൽ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

# Fundamental Knowledge of THEOLOGY

Part-1cont...

Apostle Devasia Mullakkara

വെളിപാട് പുസ്തകത്തിൽ 22:18-ൽ നാം ഇപ്രകാരം വായിക്കുന്നു: ഈ പുസ്തകത്തിലെപ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും" എന്നത്രെ.

പെന്തക്കോസ്ത് നവീകരണത്തിലെ ക്ലാസ്സിക്കൽ സമൂഹവും, പഴക്കമേറിയ സഭാംഗങ്ങളും പഴയനിയമ സംഭവങ്ങളിൽ വർണ്ണനാ പ്രധാനവും ഹൃദയാവർജ്ജകങ്ങളായവയും കൂടുതൽ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുവെങ്കിൽ പുതിയനിയമം പൊരുളല്ലാതെ മാറിപ്പോകും എന്നത് സംഭവിക്കും.

ദൈവജനമെന്ന യിസ്രയേൽ ചെങ്കടൽ കടന്ന സംഭവവും, ജോസഫിന്റെയും, ഇയ്യോബിന്റെയും, ദാവീദിന്റെയും സംഭവങ്ങൾ ഒക്കെയും ക്രിസ്തുവിന്റെ സഹനങ്ങളിലും രക്ഷയിലും പൊരുൾ തേടുന്നു എന്നത് ആരും മറക്കരുത്; പുതിയനിയമത്തെ ഏറ്റവും പുതിയ "നവീകരണക്കാരും" ഉയർത്തുന്നത് അവയൊക്കെ മറന്നുകളഞ്ഞുകൊണ്ട് ആകരുത് എന്നുമാത്രം.

ശേഷം 28-ാം പേജിൽ



ഞാൻ റീഷ്മ. കോഴിക്കോട് ജില്ലയിൽ പേരാമ്പ്രക്കടുത്ത് ചെറുവണ്ണൂർ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇന്നും ജീവിക്കുന്ന ദൈവത്തിന്റെ കൈവിടാത്ത സ്നേഹത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. 2012-ആഗസ്റ്റിൽ എനിക്ക് ആമാശയ ക്യാൻസർ രോഗം ബാധിച്ചു എന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചപ്പോഴാണ് ഞാനാദ്യമായി ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ മീറ്റിംഗിൽ പങ്കെടുത്തത്. സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഓപ്പറേഷനുശേഷം രോഗം പൂർണ്ണമായി നീങ്ങിയതായി ഡോക്ടർ പറഞ്ഞു. എന്നാൽ തുടർന്നും യേശുവിനോടുള്ള പ്രാർത്ഥനയിൽ എനിക്ക നിലനിൽക്കുവാൻ കഴിഞ്ഞില്ല. 2015 ഫെബ്രുവരി മാസം എനിക്ക് വീണ്ടും ക്ഷീണവും മറ്റ സ്വസ്ഥതകളും ഉണ്ടായപ്പോൾ തലശ്ശേരി മലബാർ ക്യാൻസർ സെന്ററിൽ പോയി പരിശോധിച്ചപ്പോൾ കരളിന് ക്യൻസർ ബാധിച്ചിരുന്നു. എത്രയും വേഗം കീമൊ ആരംഭിക്കുവാനും പറയുകയുണ്ടായി. എന്നാൽ രണ്ട് വർഷം മുമ്പ് ആമാശയരോഗത്തിൽ നിന്ന് എന്നെ വിടുവിച്ചത് യേശുവാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിച്ചിരുന്നതിനാൽ വീണ്ടും യേശുവിൽത്തന്നെ ആശ്രയിക്കാൻ തീരുമാനിച്ചു. എന്റെ ഭർത്താവും ബന്ധുക്കളുമെല്ലാം കീമൊ എടുക്കാൻ നിർബന്ധിച്ചപ്പോൾ ഞാൻ വീണ്ടും 2015 ഏപ്രിൽ മാസത്തിൽ കോഴിക്കോട് വ്യാപാരഭവനിൽ നടന്ന ദേവസ്യാ സാറിന്റെ പ്രാർത്ഥനാ മീറ്റിംഗിൽ പങ്കെടുക്കുകയും കർത്താവ് എന്നെ ക്യാൻസറിൽ നിന്നും പൂർണ്ണമായ വിടുതൽ നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഇന്നും ജവിക്കുന്ന ഈ ദൈവത്തിലേക്ക് കൂടുതലായി അടുക്കുവാൻ ഞാനാഗ്രഹിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.**റീഷ്മ. ചെറുവണ്ണൂർ. കോഴിക്കോട്. Ph: 9048119534**




27-ാം പേജിൽ നിന്നും തുടർച്ച

**ബൈബിൾ പഠനം ദൈവമാഗ്രഹിക്കുന്നതു പോലെയാകുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ**

1. വേദപുസ്തകം സമയെമെടുത്ത് അനുദിനം വായിച്ച് ധ്യാനിച്ച് നോട്ടുകൾ കുറിച്ചുവയ്ക്കണം.

2. വേദപുസ്തകഗ്രന്ഥങ്ങളേക്കുറിച്ചുള്ള വ്യാഖ്യാനഗ്രന്ഥങ്ങളും നാം വായിച്ച് ഗ്രഹിക്കണം. എന്നാൽ വ്യാഖ്യാനഗ്രന്ഥങ്ങൾ തയ്യാറാക്കുന്നവർ ഏതെങ്കിലും ഒരു സഭയുടെ വക്താവാകാം. ആ സഭയുടെ ഉപദേശങ്ങൾക്ക് അവർ കൂടുതൽ പ്രാധാന്യം കൊടുത്തേക്കാം. അങ്ങനെ വരുമ്പോൾ ദുരുപദേശങ്ങൾ നമ്മെ വിഴുക്കിക്കളഞ്ഞേക്കാം. അപ്പോൾ എന്താണ് ചെയ്യുക: വേദപുസ്തകത്തിന്റെ സ്ഥാനം വ്യാഖ്യാനഗ്രന്ഥങ്ങൾ തട്ടിയെടുക്കാതെയിരിക്കാൻ ശ്രദ്ധിക്കണമെന്ന് മാത്രം. ടെക്സ്റ്റ്ബുക്കിനെ പഠിക്കാൻ സഹായിക്കുക മാത്രമാണ് ഗൈഡുബുക്കുകൾ എന്ന് ഓർമ്മിച്ചിരുന്നാൽ മതി. എന്നാൽ ഒരു സത്യസഭയുടെ ഉപദേശകനാണ് വ്യാഖ്യാതാവ് എങ്കിൽ അവയെ സ്വീകരിക്കുകയുമാവാം. വേദപുസ്തകപൊരുൾ അറിയേണ്ടിടത്തോളം അറിഞ്ഞവരായിരിക്കണം വ്യാഖ്യാനഗ്രന്ഥങ്ങൾ പഠിക്കേണ്ടത്.

3. ദൈവവചനം മാത്രമേ താൻ വായിക്കൂ എന്ന് ശഠിക്കുന്ന ചില ഭക്തന്മാർ ഉണ്ട്. പുറമെനിന്നുള്ള ഒരു സഹായവും എനിക്ക് ആവശ്യമില്ല എന്ന് അവർ കരുതുന്നു. അവർ വിട്ടുകളയുന്നു, മഹാജ്ഞാനികളായ ഉപദേശകന്മാരെ ദൈവം തന്നെയാണ്

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്,
തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം
IFSC Code : FDRL 000 1034



ഞാൻ ജോസഫ് ഡിസൂസ. കാസർഗോഡ് ജില്ലയിൽ മധൂർ എന്ന സ്ഥലത്ത് താമസിക്കുന്നു. ഒരു വർഷത്തോളമായി കാലിന്റ പത്തിയിൽ ഒരു ചെറിയ മുഴയുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഞാൻ കാഞ്ഞങ്ങാട് വ്യാപാരഭവനിൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്തു. സാറിന്റെ പ്രാർത്ഥനക്കുശേഷം മുഴ വറ്റിപ്പോകുകയും കാൽ സൗഖ്യമാവുകയും ചെയ്തു.**ജോസഫ് ഡിസൂസ. കാസർഗോഡ്.**
**മധൂർ. Ph:9496115959**




സഭക്കു നൽകിയതെന്ന്. അവർ ഏതെങ്കിലും ഒരു സഭയുടെ വക്താവാണ് എന്നതും ദൈവം അറിയുന്നു. പക്ഷെ അവരെ "അന്താരാഷ്ട്ര ദൈവവചനസ്നേഹി"യാക്കാനും ദൈവം സഹായിക്കാതെയിരിക്കുകയില്ല.

4. പുതിയതായി മാനസാന്തരപ്പെട്ട് വിശ്വാസത്തിലേക്ക് വരുന്നവർക്ക് ഒരു വഴികാട്ടിയായ മനുഷ്യൻ ഉണ്ടാകുന്നത് ഉത്തമമാണ്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ നാം കൃപയാലും ജ്ഞാനത്താലും വളരുവാൻ തീർച്ചയായും സഹായിക്കും.

5. വിവിധ ക്രൈസ്തവ വേദപണ്ഡിതന്മാരോട് ബൈബിൾ ചർച്ച നടത്തുന്നത് നല്ലതാണ്.

6. പഠിക്കുന്ന കാര്യങ്ങൽ കുറിച്ചുവെയ്ക്കണം.

7. സ്വയം പഠിക്കുകയാണ് അത്യാവശ്യം, മറ്റുള്ളവരോട് പറയുവാനോ ഉപദേശിക്കുവാനോ പ്രസംഗിക്കുവാനോ വേണ്ടി അത്യാവശ്യമുള്ളത് സംഘടിപ്പിക്കുന്നവരാണ് ഭൂരിപക്ഷം. അങ്ങനെയല്ല വേണ്ടത്. സംശയമില്ലാതെ എല്ലാം പഠിച്ചശേഷമല്ല നാം പഠിപ്പിക്കുന്നതെങ്കിൽ ആശാൻ അക്ഷരമൊന്ന് പിഴച്ചാൽ ശിഷ്യന്മാർക്ക് ഒത്തിരിപ്പിഴവുകൾ വരും.

8. ലൂക്കോസ് 21:14,15-ൽ "ആകയാൽ പ്രതിവാദിപ്പാൻ മുമ്പുകൂട്ടി വിചാരിക്കാതിരിക്കേണ്ടതിന് മനസ്സിൽ ഉറച്ചുകൊൾവിൻ. നിങ്ങളുടെ എതിരാളികൾക്ക് ആർക്കും ചെറുപ്പാനോ എതിർപ്പാനോ കഴിയാത്ത വാക്കും ജ്ഞാനവും ഞാൻ നിങ്ങൾക്കു തരും" എന്ന് ദൈവമായ യേശുക്രിസ്തു പഠിപ്പിച്ചിരിക്കുന്നു. അതായത് മറ്റുള്ളവർ നമുക്കൊന്നും അറിവില്ലെന്ന മട്ടിലോ, നമ്മൾ പഠിപ്പിക്കുവാൻ ശ്രമിക്കുന്നത് തെറ്റാണെന്ന മട്ടിലോ വല്ലതും അപകീർത്തികരമായി പറഞ്ഞാലും പ്രതിവാദിക്കുവാൻ മുൻകൂട്ടി ഒന്നും കരുതേണ്ടതില്ല, കാരണം ദൈവാത്മാവ് തക്ക സമയത്ത് എല്ലാം തന്നു സഹായിച്ചു കൊള്ളും.

"എന്റെ മകനെ ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക, നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്ക" (2 തിമോ.2:1,2). കൃപയിൽ വളരുക എന്നതാണ് അത്യാവശ്യം.

9. വായിക്കുക, എഴുതുക, ചിന്തിച്ച് തീരുമാനത്തിലെത്തുക, പ്രതിഫലിപ്പിക്കുക എന്നീ കാര്യങ്ങൾ നാം ചെയ്തിരിക്കണം. അവ ഏറ്റവും ആവശ്യം തന്നെ.

10. ഓരോ ബൈബിൾ കഥാപാത്രങ്ങളുടേയും കർത്തവ്യങ്ങളും അവരേക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികളും നാം വേർതിരിച്ചറിയണം. അതിൽ പിഴവു വരാൻ പാടില്ല. ഉദാഹരണങ്ങൾ എഴുതാം.

11. ലൂക്കോസ് 7:28-ൽ

a. "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരും ഇല്ല". എന്താണിതിന്റെ അർത്ഥം ? യോഹന്നാൻ യേശുക്രിസ്തുവിന്റെ മുന്നോടി എന്ന നിലയിൽ പഴയനിയമത്തിലെ പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠൻ എന്ന് തന്നെയാണ്. മോശയുടെ ജോലി മോശ ചെയ്തു. യേശയ്യാവിന്റെയും യിരമ്യാവിന്റെയും ജോലി അവർ ചെയ്തു. അവരെ ആരെയും ക്രിസ്തുവിന്റെ വഴി ഒരുക്കുവാൻ ദൈവം അയച്ചില്ല. ആ ശുശ്രൂഷാ ജോലി യോഹന്നാനെ ഏൽപ്പിച്ചു. പക്ഷെ യോഹന്നാന്റെ വലിപ്പം സ്വഭാവത്തിലല്ല ഏൽപ്പിച്ച ഉത്തരവാദിത്വം ദൈവം ആഗ്രഹിച്ചതുപോലെ

ആത്മാഭിഷേകം പ്രോഗ്രാം ഹാർവെസ്റ്റ് ടിവിയിലും പവ്വർവിഷനിലും
HARVEST tv 24X7 CHRISTIAN CHANNEL
ഹാർവെസ്റ്റ് ടിവി
എല്ലാ ആഴ്ചകളിലും
വ്യാഴം , വെള്ളി, ശനി (3 days )
സമയം 8 pm മുതൽ 8.30 pm വരെ
പവ്വർവിഷൻ ടിവി
POWER VISION
എല്ലാ ആഴ്ചകളിലും
ഞായർ മുതൽ ബുധൻ വരെ (4 days)
സമയം: 10 pm മുതൽ 10.30 pm വരെ
divinefire.tv
24x7 web TV
DIVINE FIRE
ഡിവൈൻഫയർ
ഇന്റർനെറ്റിലൂടെ
അനുദിനശുശ്രൂഷകൾ
എല്ലാദിവസവും
24 മണിക്കൂറും
സന്ദർശിക്കുക divinefire.tv




മരണത്തേപ്പോലും മറന്നുകൊണ്ടു ചെയ്തു എന്നതാണ്. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാൻ വലിയവൻ തന്നെ.

b. ലൂക്കോസ് 1:42-ൽ (P.O.C Bible) <u>നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം.</u> കർത്താവിന്റെ അമ്മയാകുവാൻ പോകുന്നവൾ എന്ന നിലയിൽ സ്ത്രീകളിൽ അനുഗ്രഹീത തന്നെയാണ് മറിയം. എന്നോർത്ത് പഴയനിയമത്തിലെ വിശുദ്ധ സ്ത്രീകൾ അനുഗ്രഹീതരല്ലെന്നർത്ഥം ഇല്ല. യേശു തന്നെയും എന്റെ വചനം അനുസരിക്കുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും എന്ന് പറഞ്ഞിട്ടുണ്ടല്ലോ. പ്രസ്തുത വചനം വെച്ചുകൊണ്ട് മറിയ എന്ന വിശുദ്ധ സ്ത്രീക്ക് അമിത പ്രാധാന്യം കൊടുത്ത് "പരിശുദ്ധ" എന്ന് വിളിക്കുന്നത് ദുരുപദേശമാണ്. ആ നല്ല അമ്മയുടെ കർത്തവ്യം നല്ലതുപോലെ നിർവ്വഹിച്ചതുകൊണ്ട് ആ അമ്മ അനുഗ്രഹീത തന്നെ.

c. യോഹന്നാൻ 14:19-ൽ "പിതാവ് എന്നേക്കാൾ വലിയവനല്ലോ". ഭൂമിയിലായിരുന്ന, തന്റെ പുത്രനായ യേശുവിനേക്കാൾ പിതാവെന്ന നിലയിൽ ഉയർന്ന സ്ഥാനം പിതാവാം ദൈവത്തിനുണ്ടായിരുന്നു. എന്നാൽ അവരുടെ വ്യക്തിത്വങ്ങൾ തമ്മിൽ അവർ തുല്യരായിരുന്നു. "ഞാനും പിതാവും ഒന്നാണെന്ന്" യേശു യോഹ.10:30-ൽ പറഞ്ഞിട്ടുണ്ട്. ഭൂമിയിലെ അന്നത്തെ ക്രിസ്തു മകനാണ്, പിതാവ് അപ്പൻ തന്നെ. ഈ പുത്രൻ ത്രിത്വത്തിലും പ്രപഞ്ചസൃഷ്ടിയിലും രക്ഷാകർമ്മത്തിലും സത്താസമത്വം ഉള്ള ദൈവം തന്നെ, സാരാംശത്തിൽ ഒന്നു തന്നെ.

d. 1 കൊറി.2:9-ൽ ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യ



എന്റെ പേര് സുരേന്ദ്രൻ. ഭാര്യയുടെ പേര് ശാലിനി. ഞങ്ങൾ തലശ്ശേരിക്കടുത്ത് കാരാട്ടുപുറം എന്ന സ്ഥലത്താണ് താമസിക്കുന്നത്. ഞങ്ങൾക്ക് കർത്താവിന്റെ കൃപയാൽ ഒരു കുഞ്ഞിനെ ലഭിച്ച കാര്യമാണ് പ്രിയ ആത്മാഭിഷേകം വായനക്കാരോട് പങ്കുവയ്ക്കുന്നത്. കുഞ്ഞിന്റെ പേര് സ്നിയ. ഞങ്ങൾക്ക് വിവാഹം കഴിഞ്ഞിട്ട് 13 വർഷമായി കുഞ്ഞുങ്ങളില്ലായിരുന്നു. ചികിത്സകൾ ധാരാളം ചെയ്തു. പക്ഷെ യാതൊരു ചികിത്സയും ഫലിച്ചില്ല. അങ്ങനെ ഞങ്ങൾ വിഷമിച്ചിരിക്കുന്ന അവസ്ഥയിൽ ഇനി പ്രാർത്ഥന മാത്രമാണ് ആശ്രയം എന്ന ബോധ്യത്തിലേക്കു വന്നു. അങ്ങനെയിരിക്കെയാണ് 2012-ൽ ഇരിട്ടിയിലുള്ള അമൃത കോംപ്ലക്സിൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാശുശ്രൂഷ നടക്കുന്നതറിഞ്ഞത്. ഞങ്ങൾ ആ പ്രാർത്ഥനയിൽ പങ്കെടുക്കുകയും വ്യക്തിപരമായ പ്രാർത്ഥനയിൽ ദൈവം സാറിലൂടെ ഒരു പ്രവചനം തരികയും ചെയ്തു. അതുപ്രകാരം ഞങ്ങളോട് മൂന്നു മാസത്തിനുള്ളിൽ ഉദരത്തിൽ ഒരു കുഞ്ഞിനെ ലഭിക്കുമെന്ന് സാർ പറയുകയുണ്ടായി. ഞങ്ങൾ കർത്താവ് തന്ന ആ വെളിപാട് വിശ്വസിക്കുകയും കർത്താവിനെ ആരാധിക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ വിശ്വാസത്തെ കർത്താവ് മാനിച്ചു. മൂന്നു മാസങ്ങൾക്കുള്ളിൽത്തന്നെ ഉദരത്തിൽ കുഞ്ഞിനെ ലഭിച്ചു. ഇപ്പോൾ ഞങ്ങൾ മതം മാറുകയോ പേരുമാറുകയോ ചെയ്യാതെ കർത്താവിനെ രക്ഷകനും നാഥനുമായി സ്വീകരിച്ചു സമാധാനപൂർണ്ണമായ ജീവിതം നയിക്കുന്നു. ഞങ്ങളെ ഈ വിധം അനുഗ്രഹിച്ച കർത്താവിനെ എല്ലാവരും അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

സുരേന്ദ്രൻ & ശാലിനി. നന്ദനം വീട്
തലശ്ശേരി. Ph:9539422395




ന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല.

ഇത് സ്വർഗ്ഗത്തേക്കുറിച്ചുള്ള കാര്യമാണ്. പഴയനിയമത്തിലെ പ്രവാചകന്മാരിലൂടെ ഇത് വെളിപ്പെട്ടില്ല എന്ന് മാത്രം. സഭാ വെളിപാടും (എഫെ.3:1-11) സ്വർഗ്ഗദർശനവെളിപാടും അപ്പൊസ്തലന്മാരിലൂടെയാണ് ലഭിച്ചത്. അതാണ് ദൈവത്തിന്റെ പദ്ധതിയും ദൈവവചനവ്യവസ്ഥയും.

12. ഓരോ ബൈബിൾ ഭാഗങ്ങളും പഠിക്കുമ്പോൾ ബൈബിൾ സന്ദർഭങ്ങൾ നാം പഠിച്ചിരിക്കണം. പശ്ചാത്തലവും അറിഞ്ഞിരിക്കണം. ഉദാഹരണം: “വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല” (യോഹ.3:5).

ക്രിസ്തീയ സഭ ഉണ്ടാകുന്നതിനുമുമ്പ് ഒരു യഹൂദപ്രമാണിയോടാണ് കർത്താവ് ഇത് പറഞ്ഞത്. യഹൂദമതത്തിലേക്ക് വരുന്നവർക്ക് ഒരു സ്നാനം അക്കാലത്തുണ്ടായിരുന്നു. പക്ഷെ നിക്കോദിമോസ് മതം മാറേണ്ട ആവശ്യം ഉള്ളവനല്ലായിരുന്നു. യഹൂദനായി ജനിച്ച നേതാവായിരുന്നു. അപ്പോൾ പിന്നെ എന്താണ് അദ്ദേഹത്തോട് ദൈവം ഉദ്ദേശിച്ചത്. ദൈവവചനമാകുന്ന ജലം എന്നാണ്. വചനവും ആത്മാവും കൂടി അദ്ദേഹത്തെ ജനിപ്പിക്കേണ്ടതുണ്ടെന്നാണ്. വചനത്തിൽ ആഴമേറിയ ഒരുപദേശമാണു വിശ്വാസസ്നാനം (മർക്കോ.16:16, മത്താ.28:19). വിശ്വാസസ്നാനത്തെപ്പറ്റി ആധികാരിക വചനങ്ങൾ നിരവധിയുള്ളതിനാൽ വീണ്ടും ജനനത്തെ സംബന്ധിച്ച യോഹ.3:5-ൽ വെള്ളത്താൽ എന്നതിന് ജലസ്നാനമെന്ന ടീച്ചിംഗ് കൊടുക്കുന്നവർ ആ ഉപദേശത്തിൽ നിന്നും പിന്തിരിയുന്നതാണ് നല്ലത്.

വിശുദ്ധ വേദപുസ്തക വ്യാഖ്യാനത്തിൽ, അതത് കാലഘട്ടങ്ങളിൽ എഴുന്നേറ്റ വലിയ കർത്തൃദാസന്മാർക്കും തെറ്റുകൾ പറ്റിയിട്ടുണ്ട്. അതിലൊരാളാണ് മാർട്ടിൻ ലൂഥർ. 1560 ഒക്കെ മതനവീകരണയുഗമാണ്. മാർട്ടിൻ ലൂഥറാകട്ടെ പൗരോഹിത്യ വേഷങ്ങളെയും, സ്വഭാവത്തെയും നിഷേധിക്കാത്ത ഒരു വ്യക്തിയായിരുന്നു. വിശുദ്ധവസ്ത്രങ്ങളും മെഴുകുതിരിഭ്രമവും ഒക്കെ അദ്ദേഹത്തിനുണ്ടായിരുന്നു.

ജോൺ കാൽവിനാണ് അടുത്ത മുന്തിയ കർത്തൃദാസൻ. വേദപുസ്തകത്തിലില്ലാത്ത കാര്യങ്ങളെ ഒന്നിനെയും അവലംബിച്ചു കൂടാ എന്നാണ് കാൽവിന്റെ സിദ്ധാന്തം. പക്ഷെ ദേശീയസഭകളെ അദ്ദേഹത്തിന്റെ ആശയക്കാരിൽ ചിലർ വേണ്ടെന്ന് വെച്ചു. പ്രാദേശികസഭകൾ മാത്രം മതിയെന്ന് വെച്ചു. അത്തരക്കാർ പിന്നീട് വളർന്നു വളർന്ന് ബ്രദറൻ സഭകളും ബാപ്റ്റിസ്റ്റ് സഭകളും മെഥഡിസ്റ്റ് സഭകളും ഒക്കെ ആയി. ആ മതനവീകരണയുഗത്തിൽ,


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




അപ്പൊസ്തലപ്രവർത്തനങ്ങൾ 2:38 വചനം പല കൂട്ടരും പല വിധത്തിൽ വ്യഖ്യാനിക്കുകയുണ്ടായി. "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപ്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും". ഈ വചനത്തെ വ്യാഖ്യാനിക്കുമ്പോൾ നാം ആദ്യം ആലോചിക്കേണ്ടത്, അപ്പൊസ്തലനായ പത്രോസ് ഇതാരോടാണ് പറഞ്ഞത് എന്നതാണ് ? യിസ്രായേലിലെയും യഹൂദ്യയിലെയും ആളുകളോടാണ് ഇതു പറഞ്ഞത്. വ്യത്യസ്ത ജാതികളോടൊ അക്കാലത്തുണ്ടായിരുന്ന ക്രിസ്ത്യാനികളോടൊ അല്ല പറഞ്ഞത്. മാനസാന്തരപ്പെട്ട് ക്രിസ്തുവിലേക്ക് ഒട്ടും വരാത്ത, ക്രിസ്തുവിനെ അതിനീചമായി കൊല്ലുവാൻ കൂട്ടുനിന്നവരോടാണ് പറഞ്ഞത്. (അത് ദൈവവചനം തന്നെയായതുകൊണ്ട് ഈ കാലത്തും ഏതു കാലത്തുമുള്ള ആരോടും ഈ വചനത്തിന്റെ ആശയങ്ങൾ പ്രവചനാത്മാവിൽ അപ്പൊസ്തലനായ പത്രോസ് പറയുന്നുണ്ടെന്നതും സത്യം തന്നെ).

എന്തിൽ നിന്ന് എന്തിലേക്കാണ് മാനസാന്തരപ്പെടേണ്ടത് എന്നതാണ് അടുത്ത ചോദ്യം. സകലവിധ പാപത്തിൽ നിന്നും, പ്രത്യേകിച്ച് മഹത്വത്തിന്റെ രാജാവും കർത്താവുമായ യേശുവിനെ കൊന്ന പാപത്തിൽ നിന്നും വേണം മാനസാന്തരപ്പെടുവാൻ. അങ്ങനെ അവർ മാത്രമല്ല നാമും മാനസാന്തരപ്പെടണം. നാം മാനസാന്തരപ്പെടാനുള്ള കാരണം നമ്മുടെ പാപങ്ങൾ മൂലമാണ് യേശു വധിക്കപ്പെട്ടത്. അന്ന് പത്രോസ് അപ്പൊസ്തലൻ മാനസാന്തരത്തിനുശേഷം അവരോട് എന്ത് ചെയ്യണമെന്നാണ് ആവശ്യപ്പെട്ടത്. ? യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കണം എന്നതാണ് ആവശ്യപ്പെട്ടത്. സ്നാനം എടുത്ത് പരസ്യമായി യേശുവിനോട് ഐക്യപ്പെടണം. എന്നിട്ടോ ? വക്രതയുള്ള തലമുറയിൽ നിന്ന് (2.40) വെള്ളത്തിലൂടെ നീന്തി അക്കരെയ്ക്കു പോവുകയാണ്. രക്ഷകന്റെ അടുത്തേക്ക് നീന്തിപ്പോകയാണെന്ന് വ്യാഖ്യാനിച്ചു പറയാം. ബിംബാരാധന നടത്തിയും പാപമോചനം ലഭിക്കേണ്ടിടത്ത് നിന്ന് വാങ്ങാതെ (ക്രിസ്തുവിൽനിന്ന്) "കുമ്പസാര" ത്തിലൂടെയും മലകയറ്റങ്ങളിലൂടെയും, ഉരുളുനേർച്ചകളിലൂടെയും ഒക്കെ വാങ്ങി കഴിയുന്നവരാണ് വക്രതയും കോട്ടവും ഉള്ള തലമുറ. അന്ന് ക്രിസ്തുവിന്റെ മരണത്തിനുത്തരവാദികളായവരുടെ പിന്തുടർച്ചക്കാരായി, ഇന്നും, വ്യത്യസ്ത പാപങ്ങളിലൂടെ സഞ്ചരിക്കുന്നവരെയും വിശ്വാസസംബന്ധിയായ കാര്യങ്ങളിൽ വചനപരിജ്ഞാനത്തിന് പകരം കർമ്മങ്ങളെ ആശ്രയിച്ചു കഴിയുന്നവരെയുമാണ് വക്രതയുള്ള തലമുറയെന്ന് പരിശുദ്ധാത്മാവ് വിവക്ഷിക്കുന്നത്.

'വിശ്വാസസ്നാനം' സ്വീകരിക്കുമ്പോഴാകട്ടെ, ക്രിസ്തുവിനെ നേരിട്ട് കൊന്നവർക്ക് ആ പാപത്തിൽ നിന്നും, വ്യത്യസ്ത സ്വന്തം പാപങ്ങളാൽ കൊന്നവർക്കും കൊന്നുകൊണ്ടിരിക്കുന്നവർക്കും അവരുടെ പാപങ്ങളിൽ നിന്നും, വിവിധ മതങ്ങളിൽ വിഗ്രഹാരാധനയും, കുമ്പസാരാദികളുമായി മഹാപാപങ്ങളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് ആ പാപങ്ങളിൽ നിന്നും വിടുതൽ കിട്ടും. കാരണം സ്നാനപ്പെട്ട് നാം ചേരുന്നത് യേശുക്രിസ്തുവിനോടാണ്. യേശുവാണല്ലൊ പാപവിമോചകൻ. വിശ്വാസസ്നാനത്തിലൂടെ ക്രിസ്തുവിനോട് ഒന്നിച്ചൊന്നാകുന്നതിലൂടെ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുവാൻ വാതിൽ തുറക്കപ്പെട്ടു കഴിഞ്ഞു. യഹൂദന്മാരിൽ ആ 3000 ത്തിൽപ്പരം പേരുടെ മാനസാന്തരവും (ഹൃദയപരിവർത്തനം) സ്നാനവും കഴിഞ്ഞു. മർക്കോസിന്റെ മാളികയിൽ ഇരുന്ന 120 പേരുടെ മേലും പരിശുദ്ധാത്മാവ് എന്ന ദാനം ലഭ്യമായതുപോലെ അവരുടെ മേലും പരിശുദ്ധാത്മാവ് വന്നു. ആന്തരികമായി നടന്ന മാനസാന്തരത്തിന്റെയും ക്രിസ്തുവിനെ ദൈവമായി ഏറ്റെടുത്തതിന്റെയും ബാഹ്യമായ അടയാളപ്പെടുത്തലാണ് വിശ്വാസസ്നാനം എന്ന് വേണമെങ്കിൽ പറയാം. വേണമെങ്കിൽ, എന്നല്ല തീർച്ചയായും പറയാം.

ഈ കാലഘട്ടത്തിൽ മാനസാന്തരപ്പെട്ട് സ്നാനപ്പെടുന്നവർക്ക് പലർക്കും പരിശുദ്ധാത്മാവിനെ കിട്ടിയില്ല, എന്ന അർത്ഥത്തിൽ അഭിഷേകം പ്രാപിച്ചില്ല, അഭിഷേകം പ്രാപിച്ചില്ല എന്ന് പലരും പറയാറുണ്ട്. അത് പരിശുദ്ധാത്മാ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-1 തുടർച്ച

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

# Fundamental Knowledge of THEOLOGY

Part-1cont...

Apostle Devasia Mullakkara

വിന്റെ കുഴപ്പമോ, സ്നാപകന്റെ കുഴപ്പമോ അല്ല. ആ 3000 പേരേപ്പോലെയോ 120 പേരേപ്പോലെയോ പൂർണ്ണമാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും വരാത്തതിന്റെ കുഴപ്പം തന്നെയാണ്. അഥവാ സ്നാനമെടുത്തിട്ടും വിശുദ്ധിയും വേർപാടും ഏറ്റെടുത്തു എന്ന് പറയുന്നത് വെറും വാചകക്കസർത്ത് മാത്രമായതുകൊണ്ടാണ്. അതാണ് വർഷങ്ങൾ കഴിഞ്ഞിട്ടും അഭിഷേകം പ്രാപിച്ചില്ല എന്ന് അവർ പരാതിപ്പെടുന്നത്. അഭിഷേകം പ്രാപിക്കുക എന്നതിന് അവർ കൊടുക്കുന്ന നിർവ്വചനം പോരായ്മ ഉള്ളതാണ്. "കർത്താവായ യേശുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അപ്പൊ.16:31). എന്ന വചനം സത്യമാണ്, കർത്താവായ യേശുവിലുള്ള വിശ്വാസം പൂർണ്ണമാണെങ്കിൽ നാം മാത്രമല്ല നമ്മുടെ കുടുബം മുഴുവനും രക്ഷ പ്രാപിക്കുക തന്നെ ചെയ്യും.

**മുൻകുറി അഥവാ നിഴൽ എന്നാൽ എന്താണ് ?**

**ദൃഷ്ടാന്തമോ മുന്നെഴുത്തോ ?**

1 പത്രോ.3:19–21 "ആത്മാവിൽ അവൻ ചെന്നു, പണ്ട് നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം, ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചു. ആ പെട്ടകത്തിൽ അല്പ ജനം, എന്നു വെച്ചാൽ 8 പേർ, വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു. അത് സ്നാനത്തിന് ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഢത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോട് നല്ല മനസ്സാക്ഷിക്കായിട്ടുള്ള അപേക്ഷയായിട്ടത്രെ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു".

**പെട്ടകം:** അന്ന് പെട്ടകത്തിലുള്ളവർ രക്ഷിക്കപ്പെട്ടതുപോലെ ക്രിസ്തുവിലുള്ളവർ രക്ഷിക്കപ്പെടുന്നു.

നോഹയുടെ പെട്ടകം ക്രിസ്തുവിന്റെ ഒരു ദൃഷ്ടാന്തമാകുന്നത് ഇങ്ങനെയാണ്.

**മന്നാ**: യോഹ.6:51–ൽ "സ്വർഗ്ഗത്തിൽ നിന്നുള്ള ജീവനുള്ള അപ്പം ഞാനാകുന്നു. പഴയനിയമകാലത്ത് അനുദിനം ലഭിച്ച മന്നാ പോലെ ഇക്കാലത്തെ ജീവനുള്ള അപ്പം ക്രിസ്തു തന്നെയാണ്. ഇങ്ങനെയാണ് മുൻകുറിയാകുന്നത്.

**പാറ:** "അവരെ അനുഗമിച്ച ആത്മീയ പാറയിൽ നിന്നല്ലോ അവർ കുടിച്ചത്. ആ പാറ ക്രിസ്തു തന്നെ" (1 കൊറി.10:4).

**സർപ്പം:** "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു (യോഹ.3:14).

ബൈബിൾ ശാസ്ത്രീയമായി പഠിക്കുന്നതും, പാപത്തെയും പിശാചിനെയും, നൂറ് ശതമാനവും പരാജയപ്പെടുത്തി യേശുക്രിസ്തുവിൽ ശക്തമായി വിശ്വസിച്ച് "ആത്മാവിലും സത്യത്തിലും" (യോഹ.4:24) ആരാധിച്ച് ജീവിക്കുന്നതും ഒക്കെ ഏറ്റവും ഒടുവിൽ നിത്യത പ്രാപിക്കാനും അതിന് വളരെ മുമ്പെ പരിശുദ്ധാത്മ സ്നാനം ഏൽക്കുവാനുമാണ് (പരിശുദ്ധാത്മാവിൽ ശക്തമായി നിറയുവാനാണ്, നിറഞ്ഞുകവിഞ്ഞൊഴുകുവാനാണ്). അപ്പൊ.2:38 അനുസരിച്ച് യഹൂദന്മാർ മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും ചെയ്തപ്പോൾ അവർക്കു പരിശുദ്ധാത്മാവും ലഭിച്ചു. അവരുടെ മാനസാന്തരാനുഭവവും വിശ്വാസവും ശക്തമായിരുന്നു. അപ്പൊസ്തലപ്രവർത്തനങ്ങൾ 8:6–ലും 12:17–ലും ശമര്യർ വിശ്വസിക്കുകയും സ്നാനപ്പെടുകയും അപ്പൊസ്തലന്മാർ അവരുടെ തലയിൽ കൈവയ്ക്കുകയും ചെയ്തപ്പോൾ അവർ പിശുദ്ധാത്മാവിനെ പ്രാപിച്ചു. അപ്പൊസ്തലപ്രവർത്തനങ്ങൾ 19–ൽ (1–6) യോഹന്നാന്റെ ശിഷ്യന്മാർ ക്രിസ്തുവിൽ ശക്തമായി വിശ്വസിക്കുകയും സ്നാനപ്പെടുകയും പൗലോസ് അവരുടെ തലയിൽ കൈ വയ്ക്കുകയും ചെയ്തപ്പോൾ അവർക്കും പരിശുദ്ധാത്മാവ് ലഭിച്ചു.

എന്നാൽ ഇക്കാലത്ത് യാതൊരു ദുരുപദേശവും കൂടാതെ വേദപുസ്തകം നന്നായി പഠിച്ച് ശുശ്രൂഷയിലധിഷ്ഠിതമായി ആത്മീയ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർ തെറ്റൊന്നും കൂടാതെ പൊരുളായ പുതിയനിയമത്തെയും നിഴലായ പഴയനിയമത്തെയും പഠിച്ചാൽ ആത്മശക്തി ആയിരമിരട്ടിയായിരിക്കും. നിത്യതയും ●




## അമേരിക്കയിൽ സാത്താൻപള്ളിയും പ്രതിമയും സ്ഥാപിച്ചു; പ്രതിഷേധവുമായി വിശ്വാസികൾ

പല തരത്തിലുള്ള വിശ്വാസങ്ങളുടെ സങ്കരഭൂമിയാണ് അമേരിക്ക. ദൈവത്തെയും ചെകുത്താനെയും ആരാധിക്കുന്നവർ അവിടെ കുറവല്ല. ഇപ്പോഴിതാ, ചെകുത്താനെ ആരാധിക്കുന്നവർക്കായി പള്ളി പണിയാനും അവർ തയ്യാറായിരിക്കുന്നു. കറുത്ത കുർബ്വാനയും ചെകുത്താൻ സേവയുമൊക്കെ ലോകം മുഴുവൻ പുതിയ മേച്ചിൽപുറം തേടുകയാണ്. ആദ്യകാലങ്ങളിൽ വളരെ രഹസ്യമായി നടന്നിരുന്ന ഇത്തരം പരിപാടികൾ ഇപ്പോൾ പരസ്യമായി തന്നെ നടക്കുന്നു. അമേരിക്കയിലിതാ സാത്താന് പള്ളി പണിതുകൊണ്ടാണ് ഒരു കൂട്ടർ രംഗത്തെത്തിയിരിക്കുന്നത്. അമേരിക്കയിലെ ഡെട്രോയ് നഗരത്തിലാണ് സാത്താന്റെ ആരാധനാലയം. ഇവിടെ സ്ഥാപിച്ചിട്ടുള്ള സാത്താന്റെ വെങ്കലപ്രതിമയ്ക്കെതിരേ പ്രതിഷേധവുമായി വിശ്വാസിൾ മുന്നിലുണ്ടെങ്കിലും സാത്താനെ കാണാനാണ് വിശ്വസികൾ കൂടുതൽ. ഒക്ലഹോമയിലെ 10 കമാൻഡ്മെന്റ്സ് പ്രതിമക്ക് അടുത്തുതന്നെ സാത്താന്റെ പ്രതിമ സ്ഥാപിക്കാനായിരുന്നു ആദ്യം ശ്രമിച്ചിരുന്നത്. അത് നടക്കാതെ വന്നതോടെയാണ് ഡെട്രോയിലേക്ക് മാറ്റിയത്. സർക്കാർ ഭൂമിയിൽ ബൈബിൾ പ്രമേയമാക്കിയുള്ള ഡിസ്പ്ലേകളെ എതിർക്കുന്ന സംഘടനയാണ് സാത്താന്റെ പ്രതിമയ്ക്ക് പിന്നിൽ. അവസാന നിമിഷംവരെ എവിടെയാകും പ്രതിമ സ്ഥാപിക്കുകയെന്ന കാര്യം രഹസ്യമാക്കി വച്ചിരിക്കുകയായിരുന്നു. ഒരു ടണ്ണോളം ഭാരമുള്ള പ്രതിമയാണ് സാത്താൻ പള്ളിയിൽ സ്ഥാപിച്ചിട്ടുള്ളത്. ഡെട്രോയി നദിക്കരികെ കഴിഞ്ഞ ദിവസം രാത്രി പതിനൊന്നരയോടെയായിരുന്നു പ്രതിമാ അനാച്ഛാദനം. ഇതിന് സാക്ഷികളാവാൻ ഒട്ടേറെ സാത്താൻ ആരാധകരാണ് എത്തിയത്. എട്ടടി ഉയരമുള്ള പ്രതിമയുടെ അനാച്ഛാദനച്ചടങ്ങ് ചരിത്രത്തിലെ ഏറ്റവും വലിയ സാത്താൻ ആരാധനാ ചടങ്ങ് ആയി മാറിയെന്ന് സംഘാടകർ അവകാശപ്പെട്ടു. ടിക്കറ്റുവച്ചായിരുന്നു ചടങ്ങിലേക്ക് ആളുകളെ പ്രവേശിപ്പിച്ചത്. 25 ഡോളറായിരുന്നു (1600 രൂപ) ടിക്കറ്റ് നിരക്ക്. ചെകുത്താനൊപ്പം നൃത്തം ചെയ്യാനും കോലാഹലത്തിന്റെ രാത്രി സൃഷ്ടിക്കാനും വരിക എന്നാണ് സംഘാടകർ സാത്താൻപ്രേമികളെ അറിയിച്ചിരുന്നത്. ഇമെയിൽ വഴിയായിരുന്ന ക്ഷണക്കത്തുകൾ അയച്ചിരുന്നത്. ടിക്കറ്റ് സ്വന്തമാക്കിയവരെ മത്രമാണ് എവിടെയാണ് സാത്താൻ ക്ഷേത്രം സ്ഥാപിക്കുകയെന്ന് അറിയിച്ചിരുന്നത്. എന്തായാലും അമേരിക്കക്ക് പിന്നാലെ ഇനി എവിടെയൊക്കെ സാത്താൻ പള്ളികൾ ഉയരുമെന്നതാണ് വിശ്വാസികളുടെ ആശങ്ക ●

കടപ്പാട്: DAILY INDIAN HERALD

### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




| | | |
|---|---|---|
| ആഗസ്റ്റ് | 17-23 | ബോംബെ Ph:9447192773, 9747244773 |
| ആഗസ്റ്റ് | 25-29 | പുളിങ്ങോം, താമസസൗകര്യത്തോടുകൂടിയ ധ്യാനം. ആത്മാഭിഷേകംവചനാശ്രമം, പുളിങ്ങോം. Ph:9847786950, 04985 213999 |
| സെപ്റ്റംബർ | 6 | എറണാകുളം ടൗൺഹാൾ, ഏകദിന കൺവെൻഷൻ. 10 am to 5 pm (നോർത്ത് റെയിൽവെ പാലത്തിനു സമീപം) Ph:9388487301, 9745971555, 9947217398 |
| സെപ്റ്റംബർ | 7-19 | വയനാട് ജില്ലയിൽ ഭവനസന്ദർശനവും കൺവെൻഷനുകളും. Ph:9446952562, 9495326295, 9747757609, 9446648411 |
| സെപ്റ്റംബർ | 20 | കോഴിക്കോട് വ്യാപാരഭവൻ കൺവെൻഷൻ. നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം). Ph:9961854203, 10 am to 5 pm |
| സെപ്റ്റംബർ | 21 | കോഴിക്കോട് ഭവനസന്ദർശനം |
| സെപ്റ്റംബർ | 22 | മുക്കം ഭവനസന്ദർശനം |
| സെപ്റ്റംബർ | 23 | താമരശ്ശേരി ഭവനസന്ദർശനം |
| സെപ്റ്റംബർ | 24 | തിരുവമ്പാടി കൺവെൻഷൻ നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ, Ph:9961854203, 10 am to 5 pm |
| സെപ്റ്റംബർ | 27 | പേരാമ്പ്ര കൺവെൻഷൻ Ph:9048222384, 10 am to 5 pm നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ |

ATHMABHISHEKAM MONTHLY
2015 AUGUST
RNI No. KER/ MAL/03/12060 - KL/ KNR /41/13 -15
Rs.20.00

Licence No. KL/PMG/NR/WPP/1-2/KNR/2013-2015
License to post without prepayment
Published on 17th August 2015

# പദ്ധ്യോപദേശങ്ങളിലൂടെ പരിശുദ്ധാത്മാഭിഷേകം 2015

- **ഓഗസ്റ്റ് 25 ചൊവ്വ**
  മാനസാന്തരത്തിന്റെയും
  വീണ്ടും ജനനത്തിന്റെയും
  സ്ഥിരീകരണം.
- **ഓഗസ്റ്റ് 26 ബുധൻ**
  ബൈബിൾ
  സത്യങ്ങളിലൂടെ
  സഭയുടെ മർമ്മം
- **ഓഗസ്റ്റ് 27 വ്യാഴം**
  കൃപാവരങ്ങളുടെ
  പരിശീലനം

താമസ സൗകര്യത്തോടുകൂടിയ ധ്യാനം

- **ഓഗസ്റ്റ് 28 വെള്ളി**
  ശിഷ്യത്വ പരിശീലനം
- **ഓഗസ്റ്റ് 29 ശനി**
  നേതൃത്വ പരിശീലനം
- സഭയുടെ ആത്മാവ്
  തൊട്ടറിയേണ്ടവരും
  അറിഞ്ഞവരും,
  സഭാ മൂപ്പന്മാരും
  ഹാർവെസ്റ്റേഴ്സും
  യുവജനങ്ങളും.
- കണ്ണൂർ ജില്ലയിലെ
  പുളിങ്ങോത്തുള്ള
  ഓഫീസിലേക്ക് മുൻകൂട്ടി
  പേര് രജിസ്റ്റർ ചെയ്യുക.
  ആദ്യം രജിസ്റ്റർ ചെയ്യുന്ന
  500 പേർക്ക് മുൻഗണന.

Ph:9847786950
04985213999

## ഓഗസ്റ്റ് 25 ചൊവ്വ മുതൽ 29 ശനി വരെ

**ആത്മാഭിഷേകം വചനാശ്രമം, പുളിങ്ങോം**
(ചെറുപുഴയ്ക്കടുത്ത്)

പയ്യന്നൂർ പഴയ ബസ്സ്സ്റ്റാന്റിൽ നിന്നും ചെറുപുഴ, പുളിങ്ങോം, കോഴിച്ചാൽ, രാജഗിരി ഭാഗങ്ങളിലേക്കുള്ള ബസ്സുകളിൽ

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).